
ജനുവരി 2016 161

# ലിറ്റിൽ മാസിക



## പുതിയ കാലത്തെ
## സിയാറ്റിൻ മൂപ്പൻ

**Copy Heart**

*Copying is an act of love.*
*Please copy and share it*

**പകർപ്പിഷ്ടം**

*ഇഷ്ടപ്പെടുന്നവരാണ്*
*പകർത്തുന്നത്. ഇഷ്ടത്തിന്*
*നിയമമില്ല.പകർത്തുക*
*പങ്കുവെക്കുക.*
*അതിനാൽ*
*ലിറ്റിൽ മാസികയുടെ*
*ഉള്ളടക്കം നിർലോഭം*
*എടുത്തുപയോഗിച്ചോളൂ..*

**ലിറ്റിൽ മാസിക**

ചുങ്കത്തറ പി.ഒ.,
മലപ്പുറം 679334

Ph: 04931-231493, 232780
Mob: 9946428284, 8547300532
email:littlemasika@gmail.com

**161**

എഡിറ്റർ
**ബിജു ജോൺ**
കോ-ഓർഡിനേറ്റിംഗ് എഡിറ്റർ
**അബ്ദുള്ളക്കുട്ടി എടവണ്ണ**
മാനേജിംഗ് എഡിറ്റർ
**ജയപ്രകാശ് നിലമ്പൂർ**
എക്സിക്യൂട്ടീവ് എഡിറ്റർ
**പി.എം. ജോൺ**
പത്രാധിപ സമിതി
**സതീഷ് ചളിപ്പാടം**
**ചന്ദ്രബാബു തൃക്കലങ്ങോട്**

സ്പെഷ്യൽ കറസ്പോണ്ടന്റ്
**ഹാരിസ് നെന്മേനി**
ടൈപ്പ് സെറ്റിംഗ്
**ജസീല**
ലേഔട്ട്
**ലിമാ ക്രിയേറ്റീവ്**
പ്രിന്റിംഗ്
**എ-വൺ ഓഫ്സെറ്റ്**
**രാമനാട്ടുകര**



*എസ്കോബാർ*

## പരാജയത്തെ കുറിച്ച്

### ബോബിജോസ് കട്ടികാട്

എസ്കോബാർ എന്ന ഫുട്ബോളറെ കുറിച്ച് കേട്ടിട്ടില്ലേ.. ലോകകപ്പിൽ സ്വന്തം ടീമിന്റെ തോൽവിക്ക് തന്റെ സെൽഫ് ഗോളാണ് കാരണമായത് എന്നതിന്റെ പേരിൽ ഏറെ പഴികേട്ടയാൾ. പിന്നീട് ആ കാരണം കൊണ്ടുതന്നെയാണ് ഒരാൾ എസ്കോബാറിനെ കുത്തിക്കൊലപ്പെടുത്തിയത്. അക്രമി അതിന് കാരണം പറഞ്ഞതും എസ്കോബാറിന്റെ സെൽഫ് ഗോൾ എന്നാണ്. പരാജിതർ കരുണയർഹിക്കുന്നില്ല എന്നും പരാജയം നിന്ദിക്കപ്പെടേണ്ടതാണെന്നുമാണ് ലോകം ചിന്തിക്കുന്നത്. തോൽവിയിലെന്താണ് ഇത്ര മോശപ്പെട്ട കാര്യമിരിക്കുന്നത്? തോൽവി അഭിമുഖീകരിക്കാതെ തോൽവിയുടെ സാധ്യത പോലും മനസ്സിലാക്കാതെയാണ് നാം കുഞ്ഞുമക്കളെ വളർത്തുന്നത്. നമ്മുടെ പാഠ്യപദ്ധതി നോക്കിയാൽ തന്നെ ഇത് വ്യക്തമാണ്. തോൽവിയെന്ന ഒരു പ്രശ്നം അവിടെയില്ല. നല്ലതുപോലെ മോഡറേഷൻ കൊടുത്ത് അവരെ വിജയിപ്പിക്കുകയാണ്. ഇനിയും തോറ്റാൽ സേ പരീക്ഷയുണ്ട്. അങ്ങനെ തോൽവിയുടെ സാധ്യതകൾ പോലും കുട്ടികളുടെ ജീവിതത്തിൽ നിന്നും എടുത്തുമാറ്റപ്പെടുന്നു. സ്പ്രിന്റ് മാത്രമല്ല മാരത്തോൺ എന്ന സംഗതി കൂടിയുണ്ട് എന്ന് മനസ്സിലാക്കണം. ചെറിയ ഇടങ്ങളിൽ പരാജയം അറിഞ്ഞില്ലെന്നുവരും. എന്നാൽ ദീർഘമായ ജീവിതത്തിൽ ഓരോ ഇടവഴികളിലും ഓരോ ഇടനാഴികളിലും ഓരോ വളവുകളിലും ജീവിതത്തിന്റെ ഓരോ ദുരന്തങ്ങൾ, സെറ്റ്ബാക്കുകൾ, അവരെ തേടി നിൽക്കുമ്പോൾ ഈ കുഞ്ഞുങ്ങൾ എങ്ങനെ മുമ്പോട്ടുപോകും. പരാജയമെന്ന ആ ഭംഗിയുള്ള കാര്യം പഠിക്കാതെ എങ്ങനെയാണ് അവരുടെ ആയുസ്സിന് ഭംഗിയുണ്ടാവുക, ജീവിതത്തിന് അർത്ഥമുണ്ടാവുക? പരാജയങ്ങൾ ഗുരുക്കൻമാരെ തളർത്തിയിട്ടില്ല. അവർ അതിന്റെ കാൽപ്പനിക സൗന്ദര്യം പോലും കണ്ടെത്താൻ ശ്രമിക്കുന്നുണ്ട്. ഗാന്ധിയെയൊക്കെ നിരീക്ഷിച്ചാൽ ഇത് മനസ്സിലാകും. പരാജയമല്ല, വിജയമാണ് ഗാന്ധിയെ ഭയപ്പെടുത്തിയത്. സ്വാതന്ത്ര്യം ഇന്ത്യയ്ക്ക് ലഭിക്കുന്ന സന്ദർഭത്തിൽ തെരുവുകളിൽ വലിയ വിജയം ആർത്തട്ടഹസിക്കുമ്പോൾ ഇത്രയും ആഹ്ലാദിക്കാൻ എന്തിരിക്കുന്നു എന്നാണ് ഗാന്ധി ചോദിച്ചത്.

---

## മത്സരങ്ങൾക്കിടയിൽ

### അവിരാ ജോൺസ്

കോടതിയിൽ ഒരു കേസിന്റെ വാദം നടക്കുകയാണ്. സ്കൂൾതല കലോത്സവത്തിൽ മോഹിനിയാട്ടത്തിന് സമ്മാനം കിട്ടാതെ സബ്ബ് ജില്ലാതല മത്സരത്തിലേക്ക് യോഗ്യത ലഭിക്കാതിരുന്ന ആറാം ക്ലാസ്സുകാരിയുടെ പിതാവാണ് കേസിലെ വാദി. സബ്ബ് ജില്ലാ മത്സരത്തിൽ പങ്കെടുപ്പിക്കാൻ ഉത്തരവ് വേണം എന്നതാണ് രക്ഷാകർത്താവിന്റെ ആവശ്യം. എതൃകക്ഷികളോ അതേ സ്കൂളിലെ ഒന്നാം സ്ഥാനക്കാരിയായ സഹപാഠിയും സ്കൂളിലെ പ്രധാന അദ്ധ്യാപകനും. കേസിലെ വാദം പരിഗണിക്കാതെ ന്യായാധിപൻ പറഞ്ഞ കമന്റ് ചിന്തനീയമായിരുന്നു. 11 വയസ്സുകാരിയായ കുട്ടിക്ക് ഒന്ന് തോറ്റതുകൊണ്ട് എന്താണ്? തോൽവിയും കുട്ടികൾ അറിയണ്ടേ? പരാജയത്തിന്റെ രുചി അറിഞ്ഞല്ലേ വലിയ വലിയ ആളുകൾ ആകേണ്ടത്? സഹപാഠിക്കും അദ്ധ്യാപകർക്കും എതിരെ കേസ് കൊടുത്ത് കോടതി വിധിയുടെ പിൻബലത്തിൽ നൃത്തമത്സരത്തിന് തയ്യാറെടുക്കുന്ന കുട്ടിയുടെ മാനസിക അവസ്ഥ എന്തായിരിക്കും? ഏതെല്ലാം തെറ്റായ കാര്യങ്ങളാണ് ചെറുപ്പത്തിലേ കുട്ടികളെ പഠിപ്പിക്കുന്നത്?



# ശ്രേഷ്ഠ പരിചാരകർ

**ടി.ഐ. ലാലു**

ഒരു ഒക്ടോബർ മാസം രാത്രി. ഞങ്ങളുടെ കുടുംബകൂട്ടായ്മയുടെ ആഭിമുഖ്യത്തിലുള്ള ജപമാല പ്രാർത്ഥനയിൽ പങ്കെടുക്കുവാനായി എന്റെ ഭാര്യ ഷീബയും പേരക്കുട്ടി അൽനാ റോസും ഒരുങ്ങുകയാണ്. ഇതിനിടയിൽ ഷീബ എന്നോടു ചോദിച്ചു: "നിങ്ങൾ വരുന്നുണ്ടോ?" ഇല്ലെന്നു ഞാൻ മറുപടി പറഞ്ഞു. ഇവർ രണ്ടുപേരും പ്രാർത്ഥനയ്ക്കു പോകുമ്പോൾ ഞാൻ വീട്ടിൽ തനിച്ചാവുമെന്നു മനസ്സിലാക്കിയ എന്റെ പേരക്കുട്ടി പെട്ടെന്നു ചോദിച്ചു: ''അപ്പോ അപ്പാപ്പനെ ആരാ നോക്കാ?''

ചെറിയ കുട്ടികളെ പരിപാലിക്കുന്നതുപോലെ അപ്പാപ്പനെയും നോക്കണമെന്ന ഒരു സ്വാഭാവിക ചിന്തയുടെ അടിസ്ഥാനത്തിലാവണം അവൾ ഇങ്ങനെയൊരു ചോദ്യം ഉന്നയിച്ചത്. (സത്യത്തിൽ എന്നെ 'നോക്കേണ്ട' അവസ്ഥയൊന്നും ഇപ്പോഴില്ല). അതെ, ഒരു നൈതിക കരുതലിന്റെ സ്ഫുരണം അവളുടെ നിഷ്കളങ്ക ചോദ്യത്തിലുണ്ട്. പക്ഷേ, ഇന്ന് പലരിലും നല്ല പ്രായമാവുന്നതോടെ ഇതുപോലുള്ള ജാഗ്രതകൾ അസ്തമിച്ചുമായുകയാണ്. പ്രായമായ മാതാപിതാക്കളെ കൈയ്യൊഴിയുവാനുള്ള 'നല്ല തിങ്കളാഴ്ച ദിവസം' നോക്കിയിരിക്കുകയാണ് ഇന്നു പലരും. മറ്റു ചിലർക്ക് പ്രായമായവർ 'ശ്രേഷ്ഠ പരിചാരകർ' മാത്രമാണ്.

കുട്ടികളെ ബസ്സ്റ്റോപ്പിൽ കൊണ്ടുവിടുക, വീട്ടിലേക്കു തിരിച്ചു കൊണ്ടുവരിക, ഇലക്ട്രിസിറ്റി ബില്ലും മറ്റും പിഴ വരുത്താതെ യഥാസമയം അടക്കുക എന്നിങ്ങനെയുള്ള കടമകൾ നിർവ്വഹിച്ച് ഇവർ വീടിന്റെ ഒരു ഏകാന്തമൂലയിൽ അങ്ങനെ കഴിഞ്ഞുകൂടുന്നു. മുത്തശ്ശിമാരിൽ നിന്ന് കുട്ടികൾ കഥ കേൾക്കുന്ന പതിവൊന്നും ഇന്ന് വീടുകളിലില്ല. ബാലപ്രസിദ്ധീകരണങ്ങളിൽ മാത്രമേ മുത്തശ്ശിക്കഥകൾ സജീവമായി നിലനിൽക്കുന്നുള്ളൂ. ഇനിയങ്ങോട്ട് ഈ ജ്ഞാനവൃദ്ധരുടെ സ്ഥിതി കൂടുതൽ വഷളാകുവാനാണു എല്ലാം കൊണ്ടും സാധ്യത.

മുൻകാലങ്ങളിൽ ഒരാൾ തൊഴിൽ അഭ്യസിച്ചിരുന്നതു മാതാപിതാക്കളുടെയും കാരണവൻമാരുടെയും അടുക്കൽ നിന്നായിരുന്നു. അവരായിരുന്നു എല്ലാ കാര്യങ്ങളിലും ആശാൻമാർ. ഇന്നു സ്ഥിതി പാടെ മാറി. ഇന്ന് ഉപജീവനമാർഗ്ഗത്തിനായി മാതാപിതാക്കളെ അത്രയ്ക്ക് ആശ്രയിക്കേണ്ട ആവശ്യമിന്നില്ല. ആയതിനാൽ മാതാപിതാക്കളോടുള്ള അടുപ്പത്തിനും ബഹുമാനത്തിനും ഇടിവു സംഭവിക്കുന്നു. വിവിധതരം പെൻഷനുകളും ഇൻഷുറൻസ് കവറേജുകളും ലഭിക്കുന്നതിനാൽ ഇക്കാലത്ത് പല മാതാപിതാക്കൾക്കും തൊട്ടതിനും പിടിച്ചതിനും മക്കളെ ആശ്രയിക്കേണ്ട ആവശ്യവും വരുന്നില്ല. ഇതും ഇവർക്കിടയിലെ ബന്ധങ്ങളിൽ പഴുതുകളുണ്ടാക്കുന്നുണ്ട്.

വൃദ്ധജനങ്ങളോടുള്ള അവഗണന കേവലം സ്നേഹക്കുറവിന്റെ പ്രശ്നം മാത്രമല്ല. സാമൂഹിക-സാമ്പത്തിക വശങ്ങൾ കൂടി ഇതിന്റെ പിന്നിലുണ്ട്. ഈ പ്രശ്നത്തിനു പരിഹാരം കാണുവാൻ ശ്രമിക്കുമ്പോൾ ഇത്തരം തലങ്ങൾക്കും കൂടി പരിഗണന കിട്ടേണ്ടതുണ്ട്.

---

**ലോ**കത്തിന്റെ നിർമ്മിതിയിൽ നാം സഹസ്രഷ്ടാക്കളാണ്. ഇതിലെ നാശത്തിൽ നാം കൂട്ടുപ്രതികളായി എണ്ണപ്പെടും!

–രൂത്ത് കോൺ

## പലരും ചോദിക്കുന്ന ചോദ്യങ്ങൾ

### എഡിറ്റോറിയൽ എവിടെ?

പതിവനുസരിച്ചുള്ള ഒരു എഡിറ്റോറിയൽ/ മുഖക്കുറിപ്പ് മാസികയിലില്ല. ഓരോ ലക്കവും പങ്കുവെക്കാനാഗ്രഹിക്കുന്ന കുഞ്ഞു കാര്യങ്ങൾ തന്നെയാണ് ഈ മാസികയുടെ എഡിറ്റോറിയൽ. അത് പല താളുകളിലായി പല രൂപഭാവങ്ങളിൽ ചിതറിക്കിടക്കുന്നു എന്നു മാത്രം.

## Little Drops...

### പപ്പായ തിരുവാം തേങ്ങ തിരവുന്നതുപോലെ...

**സു**ലഭമായി കിട്ടുന്ന പപ്പായ നമ്മുടെ അടുക്കളയിൽ സജീവമായി ഉൾപ്പെടുത്തേണ്ടതാണെന്ന് ആർക്കും സംശയമില്ലല്ലോ. പപ്പായ അരിയുന്നതിനുള്ള ഒരു എളുപ്പവഴി ഇതാ. രണ്ടായി മുറിച്ച് തേങ്ങ തിരുവുന്നതു പോലെ തിരുവി നോക്കൂ. എളുപ്പത്തിൽ പണി തീർക്കാം.

– ബിന്ദു വർഗ്ഗീസ്

ഭക്ഷണം വിളമ്പുന്ന തവിയുടെ വലുപ്പം കുറച്ചു നോക്കൂ. എടുക്കുന്ന അളവ് കുറയും. കൂടുതൽ തവണ എടുക്കുന്നതിൽ നിന്ന് മനസ് നമ്മെനിരുൽസാഹപ്പെടുത്തും

– കരുണൻ കാടാച്ചിറ

ജീവിതത്തിന്റെ
വഴിച്ചന്തങ്ങളും
മൊഴിച്ചന്തങ്ങളും
ഇതൾ വിരിയുന്ന നടപ്പ്
നമ്മൾ
മറന്നുപോകുമ്പോൾ
മറന്നുപോകുന്നത്
യഥാർത്ഥ ജീവിതം
തന്നെയാണ്.

# നടക്കുമ്പോൾ

**സി.രാജഗോപാലൻ**

'നടക്കുമ്പോൾ നടക്കുകയാണ് എന്നു തോന്നിയിട്ടേയില്ല. ഭൂമിയും ആകാശവും കൂടെ സഞ്ചരിക്കുകയാണ് എന്നേ തോന്നിയിട്ടുള്ളു. " ലോക പ്രസിദ്ധനായ എഴുത്തുകാരൻ നിക്കോസ് കസാൻദ്സാക്കീസ് തന്റെ ആത്മകഥാപരമായ രചനയിലാണ് ഇപ്രകാരം നിരീക്ഷിക്കുന്നത്.കുട്ടിയ്ക്കൊപ്പം അച്ഛനും അമ്മയും എന്നതുപോലെ ഒരാളുടെ കൂടി ആകാശവും ഭൂമിയും സഞ്ചരിക്കുക! കാൽനടയുടെ മുഴുവൻ മഹത്വവും മനോഹാരിതയും ഈ നിരീക്ഷണത്തിലുണ്ട്.

വഴി നടക്കുമ്പോൾ ആകാശവും ഭൂമിയും ഒപ്പം സഞ്ചരിക്കുന്നു എന്നു പലർക്കും ഭാവന ചെയ്യാനാവില്ല. എന്നാൽ കാലക്കേടുകൊണ്ട് നടപ്പുമുടങ്ങി ഒരിടത്ത് ഇരിപ്പോ കിടപ്പോ ആയിപ്പോകുന്ന ആരും തന്റെ ആകാശവും ഭൂമിയും നഷ്ടപ്പെട്ടതായി മനസ്സിലാക്കും.വഴികൾ മുതൽ വൻകരകൾ വരെ കണ്ടെത്തിയ മാനവചരിത്രത്തിൽ മനുഷ്യന്റെ കാലടിപ്പാടുകൾ തെളിഞ്ഞുകിടപ്പുണ്ട്.

നടപ്പിന്റെ ചരിത്രവും ശാസ്ത്രവും ഇത്രയേറെ പ്രാധാന്യമുള്ളതാണെങ്കിലും, വഴി നടക്കുന്നവരുടെ എണ്ണം കുറഞ്ഞുവരികയാണ്. വർദ്ധിച്ചുവരുന്ന വാഹനസൗകര്യങ്ങൾ മൂലം നടക്കുന്നതിന്റെ ദൂരവും സമയവും തവണയും ചുരുങ്ങിച്ചുരിങ്ങി വരുന്നു. സ്കൂളിലേക്കും ഓഫീസിലേക്കും സുഹൃത്തുക്കളുടെയും ബന്ധുക്കളുടേയും വീടുകളിലേക്കും , ഷോപ്പിങ്ങിനും ക്ഷേത്ര ദർശനത്തിനും എന്നുവേണ്ട അയൽപക്ക ത്തേക്കും വ്യായാമസ്ഥലത്തേയ്ക്കും വരെ വാഹനത്തിൽ സഞ്ചരിക്കുക എന്ന രീതിയിൽ ശീലങ്ങൾ മാറിവരികയാണ്. സദാസമയവും വാഹനത്തിലും കെട്ടിടത്തിലുമായി കഴിയുന്നവരുടെ ജീവിതം അധികമധികം യാന്ത്രികമായിരിത്തീരുന്നു. അവരുടെ മനസ്സും ശരീരവും പ്രകൃതിയിൽ നിന്നും അകലുന്നു. നടപ്പു മറക്കുമ്പോൾ ആകാശഭൂമികളുടെ സ്പർശങ്ങൾ മനുഷ്യനു നഷ്ടമാകുന്നു.

എവിടെയെങ്കിലും എത്തിച്ചേരാനുള്ള ധൃതിയില്ലാതെ സ്വസ്ഥമായി വഴിനടക്കുക. ചുറ്റുപാടുകൾ സൂക്ഷ്മമായി നിരീക്ഷിക്കുക. പ്രകൃതിയിലെ വെളിച്ചങ്ങൾ , നിഴലുകൾ , നിറഭേദങ്ങൾ, നീരൊഴുക്കുകൾ, അന്തരീക്ഷത്തിൽ പറന്നുനടക്കുന്ന ശലഭങ്ങൾ, പറവകൾ, ആകാശത്തിലെ മേഘചലനങ്ങൾ, തുറസ്സുകളിൽ കളിക്കുന്ന കുട്ടികൾ, മേയുന്ന മൃഗങ്ങൾ, വഴിയിൽ കണ്ടുമുട്ടുന്ന നാട്ടുകാർ, കുശലങ്ങൾ ... ഇങ്ങനെ ജീവിതത്തിന്റെ വഴിച്ചന്തങ്ങളും മൊഴിച്ചന്തങ്ങളും ഇതൾ വിരിയുന്ന നടപ്പ് നമ്മൾ മറന്നുപോകുമ്പോൾ മറന്നുപോകുന്നത് യഥാർത്ഥ ജീവിതം തന്നെയാണ്.

മനുഷ്യൻ യന്ത്രസഞ്ചാരങ്ങൾക്ക് അടിമപ്പെട്ടുകൊണ്ടിരിക്കയാണ്. നമ്മുടെ ഒരേയൊരു ഭൂമിക്കുവരെ , ഈ അടിമപ്പെടലുകൊണ്ടുണ്ടാകുന്ന പ്രത്യാഘാതങ്ങൾ വലുതാണ്. അനുദിനം പെരുകുന്ന വാഹനങ്ങൾ കൊണ്ട് നാടും നഗരവും വീർപ്പുമുട്ടുകയാണ്. യാത്രയ്ക്കുള്ള വാഹനം തന്നെ മുന്നോട്ടുള്ള വഴിമുടക്കുന്ന അവസ്ഥ. വാഹനങ്ങളുണ്ടാക്കുന്ന അന്തരീക്ഷമലിനീകരണം പ്രകൃതിയുടെ സന്തുലിതാവസ്ഥ തകർക്കുന്നു. 700 ലക്ഷം ബാരൽ എണ്ണയാണ് പ്രതിവർഷം ഭൂഗർഭങ്ങളിൽ നിന്നും ഊറ്റിയെടുക്കുന്നത്. ഇന്ധനപുക ഭൂമിയിലെ ശലഭവർഗ്ഗങ്ങളെ

---

നടത്തം

# കൂട്

**എം.പി. പ്രതീഷ്**

മഴയും കാറ്റും വന്നപ്പോൾ അമ്മ, ജനാല വലിച്ചടച്ചു. അപ്പോഴതിന്റെ വക്കിൽ ഒരു വേട്ടാളൻ പുതിയ കൂടിന്റെ നിർമ്മാണത്തിലായിരുന്നു. പകൽനേരം മുഴുവനും അത് മണ്ണ് ചുമന്നുകൊണ്ടുവന്ന് കുഴച്ചു പരുവപ്പെടുത്തിയ അതിന്റെ കൂട് ഉടഞ്ഞുപോയിരിക്കുന്നു. അടഞ്ഞ ജനാലച്ചില്ലിനപ്പുറം ആ പ്രാണിയുടെ ഹതാശമായ തിരച്ചിലുകൾ, പറത്തങ്ങൾ കണ്ട് മുറിക്കകത്തിരുന്ന് അമ്മ സങ്കടപ്പെടുന്നു.

***

നിലത്തു വീണുകിടക്കുന്ന ഒരു കൂട് എന്താണ് എന്നോട് പറയുന്നത്? നാരുകളും ചുള്ളിക്കമ്പുകളും കരിയിലകളും കൊണ്ട് കെട്ടിമേഞ്ഞുണ്ടാക്കിയ ഒരു പക്ഷിക്കൂട്. ഒരു കൊടുങ്കാറ്റിൽ പെട്ട് ഉലഞ്ഞ് മരച്ചില്ലയിൽ നിന്നും വേർപെട്ട ഒന്ന്. അതിനുള്ളിൽ പക്ഷിക്കുഞ്ഞുങ്ങളുണ്ടായിരുന്നില്ല, ചെറിയ കിളിമുട്ടകളും. ചില

കൊന്നൊടുക്കുന്നു. പ്രാണവായുവിൽ വിഷം കലർത്തി മനുഷ്യനും ഇതര ജീവജാലങ്ങൾക്കും മാറാരോഗങ്ങൾ സമ്മാനിക്കുന്നു. എത്ര വേഗത്തിൽ പോകുന്നതായാലും എത്ര സുഖകരമായി തോന്നിയാലും ഏതൊരു വാഹനവും നമ്മുടെ മിത്രമെന്നപോലെ ശത്രുവാണ്.

കുറച്ചുദൂരമേ ഉള്ളുവെങ്കിൽ , വലിയ ധൃതിയില്ലെങ്കിൽ അയൽപക്കത്തേക്കോ തൊട്ടടുത്ത അങ്ങാടിയിലേക്കോ ക്ഷേത്രത്തിലേക്കോ എങ്കിൽ നടന്നുതന്നെ പോവുക. സ്വന്തം ഗ്രാമത്തിലെ വിദ്യാലയത്തിലേക്ക് നമ്മുടെ കുട്ടികൾ നടന്നുപോയി പഠിക്കട്ടെ. അതിന് അധ്യാപകർ പ്രചോദനവും മാതൃകയുമാവണം. വഴിയോരങ്ങളിലെ ഓരോ തളിരും പൂവും ഓമനിച്ചും നിറമുള്ള കായ്കളും കണ്ണാടിപ്പൊട്ടുകളും സംഭരിച്ചും ഓണത്തുമ്പികളെപ്പോലെ പാറിപ്പറന്നു പോകേണ്ടവരാണ് നമ്മുടെ കുട്ടികൾ. അങ്ങാടിച്ചരക്കുപോലെ കുടുസ്സുവാഹനങ്ങളിൽ കുത്തിനിറയ്ക്കപ്പെടുന്നതുമൂലം അവർ ചിറകറ്റവരായിത്തീരുകയാണ്.

എത്രദൂരം വേണമെങ്കിലും നടക്കാവുന്ന വിധമാണ് പ്രകൃതി മനുഷ്യന് ഉറപ്പുള്ള കാലുകൾ നൽകിയിട്ടുള്ളത്. ആയിരക്കണക്കിനു വർഷങ്ങൾക്കു മുൻപെ യോഗദണ്ഡുമേന്തി ഭാരതമഹാരാജ്യത്തിന്റെ നാലുദിക്കിലേക്കും നഗ്നപാദനായി സഞ്ചരിച്ച ആദിശങ്കരൻ, വടിയുമൂന്നി ഉറച്ച കാൽവെയ്പുകളോടെ മുൻപേ നടന്ന് രാഷ്ട്രത്തെ സ്വാതന്ത്ര്യത്തിലേക്കുനയിച്ച രാഷ്ട്രപിതാവ്. ഇങ്ങനെ, കാൽനടയുടെ ഇതിഹാസം രചിച്ചവരുടെ രാജ്യമാണ് നമ്മുടേത്.

ആയിരക്കണക്കിന് കിലോമീറ്ററുകൾ കാൽനടയായി സഞ്ചരിച്ച് കാശിരാമേശ്വരങ്ങളിലും അജ്മീറിലും ഹിമാലയ ഭൂമികളിലും ചെന്നെത്തിയിരുന്ന തീർത്ഥാടകരുടേയും നാടാണ് ഇത്. ഈ യന്ത്രയുഗത്തിലും ഇത്തരം കാൽനട തീർത്ഥാടകരുടെ വംശം അന്യം നിന്നിട്ടില്ല. നോമ്പും വ്രതവുമെടുത്ത് നാഴികകൾ നടന്ന് ക്ഷേത്രദർശനം നടത്തിയിരുന്ന അമ്മൂമ്മമാർ ചില വീടുകളിലെങ്കിലും ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്.അതുകൊണ്ട് നമുക്ക് നടപ്പ് മറക്കാതിരിക്കാം. എന്തെന്നാൽ നടപ്പ് ഒരർത്ഥത്തിൽ ജീവിതം തന്നെയാണ്.*( സി.രാജഗോപാലൻ രചിച്ച് ഗ്രീൻ ബുക്സ് പ്രസിദ്ധീകരിച്ച ഇടവഴിപ്പച്ചകൾ എന്ന പുസ്തകത്തിൽ നിന്ന്. )*



പലലോകകവിത - 2

## കുറുകെ

**ഹെർമ്മൻ ഹെസ്സെ**


**മൊഴിമാറ്റം: പത്മ**

ആകാശത്തിനു കുറുകെ മേഘങ്ങൾ,
വയലിനു കുറുകെ കാറ്റ്,
എന്റെ അമ്മയുടെ
കാണാതായ കുഞ്ഞിന്റെ അലച്ചിൽ.

തെരുവിലൂടെ പൊഴിയുമിലകൾ
മരങ്ങളിൽ പക്ഷിക്കരച്ചിലുകൾ

ഏറെ വിദൂരമായ്
പർവ്വതശൃംഖങ്ങളിൽ
എന്റെ വീടുണ്ട്, തീർച്ച.

പ്പോൾ ആ പക്ഷി മറ്റെങ്ങോ താമസം മാറിപ്പോയിരിക്കും. മുട്ടകൾ വിരിഞ്ഞുകഴിഞ്ഞിരിക്കും. ആ കുഞ്ഞുങ്ങളും തങ്ങളുടെ ചിറകുകൾ കൊണ്ട് ആകാശം മുറിച്ചുകടന്നിരിക്കും. ഒരു ഋതുചക്രം പിന്നിടുമ്പോൾ, ആയുസ്സിലെ ഒരു ശകലം പിന്നിടുമ്പോൾ കൂട് ആവശ്യമില്ലാത്ത വിധം തുറന്നതാണ് പക്ഷികളുടെ ജീവിതം. ഒരു ചിലുചിലപ്പൻ അണ്ണാറക്കണ്ണന്റേയും, കൊറ്റികളുടെയും, കടന്നലുകളുടെയും എല്ലാം കൂടുകൾ അതേ മട്ടിൽ താൽക്കാലികമാണല്ലോ. പുഴയോരത്ത് പാർക്കുന്ന മനുഷ്യരുടെ വീടുകൾ കണ്ടിട്ടുണ്ട്, ഞാൻ. ഓരോ വർഷകാലത്തും വെള്ളം കരകവിഞ്ഞെത്തുന്ന നദിയോരമായിരുന്നു. മുളയും പുല്ലും മണ്ണും കൊണ്ട് നിർമ്മിച്ച ചെറിയ കുടിലുകൾ. മഴക്കാലത്ത് അവർ ആ കുടിലുകളുപേക്ഷിച്ച് അൽപമകലെയുള്ള കുന്നിൻചെരുവിലേക്ക് പോകും. മഴക്കാലം തീരുമ്പോൾ മടങ്ങിയെത്തും. ഒരു തരത്തിൽ ആ മനുഷ്യരും പറവകളുടെ ജീവിതം ജീവിക്കുകയാണ്. ഭൂമിയുടെ അവസ്ഥാന്തരങ്ങൾക്കും ഋതുപ്പകർച്ചകൾക്കും അനുസൃതമായൊരു ജീവിതം.



സിയാറ്റിൻ മൂപ്പനെ പോലെ പൊരുതിയ മറ്റൊരു ധീരനായ ഗോത്രതലവനായിരുന്നു പാണപ്പുഴ ചാത്തൻ

പാണപ്പുഴ ചാത്തൻ

# കാട്ടറിവിന്റെ തമ്പുരാൻ

## ചോലനായ്ക്ക മൂപ്പൻ പാണപ്പുഴ ചാത്തൻ ഓർമ്മയായി...

**ജയപ്രകാശ് നിലമ്പൂർ**

ലോകത്തെ ഏറ്റവും അപൂർവ്വമായ ഗോത്ര തലവൻമാരിൽ ഒരാളായിരുന്നു നിലമ്പൂർ കരുളായി നിബിഢ വനത്തിനുള്ളിലെ അളകളിൽ കഴിഞ്ഞുവന്നിരുന്ന ചോലനായ്ക്ക മൂപ്പൻ പാണപ്പുഴ ചാത്തൻ. ആധുനിക മനുഷ്യരിൽ നിന്ന് മൂവായിരം വർഷത്തെയെങ്കിലും പഴക്കമുള്ള ജീവിത സംസ്ക്കാരം ഇന്നും സൂക്ഷിക്കുന്ന പ്രാക്തന ഗോത്രവിശുദ്ധിയുടെ എല്ലാ സൗഭാഗ്യങ്ങളും ഒത്തിണങ്ങിയ കാട്ടറിവിന്റെ മഹാശേഖരം മനസ്സിൽ സൂക്ഷിച്ച് കൊണ്ടുനടന്നിരുന്ന അദ്ദേഹം ഇക്കഴിഞ്ഞ ഡിസംബർ 27 നാണ് 85-ാം വയസ്സിൽ തന്റെ ജീവിതദൗത്യം പൂർത്തിയാക്കി കാലയവനികയ്ക്കുള്ളിൽ മറഞ്ഞത്.

നിലമ്പൂർ സൗത്ത് വനം ഡിവിഷനിൽ കരുളായി റേഞ്ചിലെ ന്യൂ അമരമ്പലം റിസർവ്വിനുള്ളിലാണ്, നൂറ്റിഅൻപതിൽ താഴെ മാത്രം ജനസംഖ്യയുള്ള ചോലനായ്ക്ക വിഭാഗം നിബിഢ വനത്തിനുള്ളിൽ നൂറ്റാണ്ടുകളായി അവരുടെ ആചാര അനുഷ്ഠാനങ്ങളുമായി കഴിഞ്ഞുവന്നിരുന്നത്. അളക്കൽ മുതൽ അച്ചനള വരെയുള്ള വിവിധ കോളനികളിൽ കാടോടി ജീവിതം നയിച്ചുവരുന്ന ഇവർ വനവിഭവ ലഭ്യതക്കനുസരിച്ച് വിവിധ സ്ഥലങ്ങളിൽ ഓരോ കാലത്തും കഴിഞ്ഞുവരുന്നു. ഇവരിൽ മുപ്പതോളം പേർ അരിയും ഉപ്പും ഒരിക്കലും കണ്ടിട്ടില്ലാത്ത, പൊതുസമൂഹവുമായി ഒരു ബന്ധവും ഇല്ലാത്തവരുണ്ട്. ഭൂമുഖത്തെ ഇത്തരത്തിലുള്ള 47 ഒറ്റപ്പെട്ട ആദിവാസി ഗോത്രസമൂഹങ്ങളിൽ ഏഷ്യയിലെ ഏക ഗുഹാവാസികൾ കൂടിയാണ് ചോലനായ്ക്കർ. പാർജിയ-പാന്തലായ കാലത്തോളം പഴക്കമുള്ള ഇവരുടെ അടുത്ത ബന്ധുക്കൾ ഇനി ആഫ്രിക്കയിലാണുള്ളത്. ആസ്ട്രലോയിഡ് - നീഗ്രിറ്റോയിഡ് വംശജരായ ഇവർ മാത്രമേ ഏഷ്യയിൽ ഇപ്പോൾ ബാക്കിയുള്ളൂ.

നിലമ്പൂരിലെ പ്രമുഖ പാരിസ്ഥിതിക വിനോദസഞ്ചാര കേന്ദ്രമായ നെടുങ്കയത്തു നിന്ന് 15 കിലോമീറ്റർ അകലെ നിബിഢ വനമേഖലയായ പാണപ്പുഴ ഭാഗത്തെ ആദിവാസി മൂപ്പനായിരുന്നു പാണപ്പുഴ ചാത്തൻ. എല്ലാ കാര്യത്തിലും മൂപ്പന്റെ വാക്കും അഭിപ്രായവും എല്ലാവരും അംഗീകരിക്കുന്ന ഈ ഗോത്ര സമൂഹത്തിന്റെ നിരവധി ആവശ്യങ്ങൾക്കായി എക്കാലത്തും പ്രവർത്തിച്ചിരുന്ന അദ്ദഹം 1982 ൽ റിപ്പബ്ലിക് ചടങ്ങിൽ ഭാര്യാസമേതം സർക്കാർ അതിഥിയായി ഡൽഹിയിലെത്തി റിപ്പബ്ലിക് ചടങ്ങിലും പ്രധാനമന്ത്രി ഇന്ദിരാഗാന്ധിക്കൊപ്പം ഉച്ചഭക്ഷണത്തിലും പങ്കെടുത്തത് അന്നത്തെ പത്രങ്ങളിൽ വലിയ വാർത്തയായിരുന്നു.

ആദിവാസി ഗോത്ര വൈദ്യത്തിന്റെ മേൻമകളിൽ കഴിഞ്ഞുവന്നിരുന്ന ചോലനായ്ക്ക വിഭാഗത്തിന് പാമ്പുവിഷത്തിനുള്ള മരുന്നുകൾ വരെ അവരുടെ കാട്ടറിവുകളുടെ ഭാഗമായി തലമുറകളിലൂടെ കൈമാറിവന്നിരുന്നു. സ്വന്തം പിതാവിൽ നിന്ന് പകർന്നുകിട്ടിയ അറിവുകൾ ഗോത്രത്തിനായി ഉപയോഗിച്ചിരുന്ന പാണപ്പുഴ ചാത്തനും, 1972 ൽ ഇവരെ പുറംലോകമറിഞ്ഞതോടെ അലോപ്പതി മരുന്നുവിതരണ ക്യാമ്പുകളുടെ ആധിക്യത്താൽ ഗോത്ര അറിവുകൾ അന്യം നിൽക്കുന്നതിൽ എന്നും ഖിന്നനായിരുന്നു. പല വേദികളിലും അദ്ദേഹം തന്റെ അനിഷ്ടം പ്രകടിപ്പിച്ചിരുന്നു. അനാവശ്യ കുടുംബാസൂത്രണ പരിപാടി ചോലനായ്ക്കരുടെ എണ്ണം കുറക്കുന്നതിനെതിരെ പ്രതികരിച്ചതിന്, ഒരു കാലത്ത് ആരോഗ്യവകുപ്പ് അധികാരികളുമായി അദ്ദേഹം നിരന്തരം കലഹത്തിലായിരുന്നു. ഇപ്പോൾ തിരിച്ചറിയുന്നതുപോലെ, ഇവരുടെ എണ്ണക്കുറവിന് എൺപതുകളിലെ നിർബന്ധിത വന്ധ്യംകരണമായിരുന്നു പ്രധാന കാരണം. ചോലമൂപ്പൻ ഇക്കാര്യം അന്നെ തിരിച്ചറിഞ്ഞിരുന്നു.

കൽക്കുളം ഗിരിജൻ സൊസൈറ്റി മുഖേന 1970 കൾ മുതൽ എല്ലാ ബുധനാഴ്ചകളിലും മാഞ്ചീരിയിൽ വെച്ച് ഇവർ ശേഖരിക്കുന്ന വനവിഭവങ്ങൾ സ്വീകരിച്ച് പകരം അരി, ഉപ്പ്, മുളക് തുടങ്ങി ഇവർക്കാവശ്യമായ ഭക്ഷണവ

സ്തുക്കൾ നൽകുന്ന ബാർട്ടർ സംവിധാനമാണ് അടുത്ത കാലം വരെ തുടർന്നുവന്നിരുന്നത്. തേനെടുക്കൽ കാലത്ത് മാത്രമാണ് പണം നൽകുക പതിവ്. ആരോഗ്യം നശിപ്പിക്കുന്ന ആധുനിക ഭക്ഷണങ്ങളും ലഹരിവസ്തുക്കളും ചോലനായ്ക്കരിലും ഇങ്ങനെ വ്യാപകമായതും, രോഗബാധകളും, നിരന്തരം ചോലനായ്ക്കർക്കിടയിൽ വ്യാപകമാവുന്നതിൽ മൂപ്പൻ എന്നും ആശങ്കാകുലനായിരുന്നു.

ആദിവാസി വികസനത്തിന്റെ പേരിലുള്ള അനവധി അടിച്ചേൽപ്പിക്കലുകൾക്കെതിരെ നിരന്തരം ശബ്ദമുയർത്തിയിരുന്ന എഴുത്തും വായനയും അറിയാത്ത പാണപ്പുഴ ചാത്തൻ വനംവകുപ്പിൽ ആദിവാസി വാച്ചറായി ജോലി ആരംഭിച്ച ശേഷം മക്കളുടെയും മറ്റു കുട്ടികളുടെയും വിദ്യാഭ്യാസ കാര്യത്തിൽ മികച്ച ശ്രദ്ധ ചെലുത്തിയിരുന്നു. മൂപ്പൻ മകൻ ബാലൻ ഫോറസ്റ്റ് ഗാർഡായി ഇപ്പോൾ പടുക്ക ഫോറസ്റ്റ് സ്റ്റേഷനിൽ ജോലി ചെയ്തുവരുന്നുണ്ട്. ഇവർക്കിടയിൽ നിന്ന് ആദ്യമായി പത്താംക്ലാസ്സ് പാസ്സായ ബാലനെ പ്രത്യേക നിയമനം നൽകിയാണ് വനംവകുപ്പിൽ നിയമിച്ചത്.

തങ്ങൾക്ക് കോൺക്രീറ്റ് വീടുകൾക്ക് പകരം കാലാകാലങ്ങളിൽ വനവിഭവ ശേഖരണത്തോടൊപ്പം കൊണ്ടുനടക്കാവുന്ന ടെന്റുകൾ വേണമെന്ന ആവശ്യം ഇപ്പോഴും നടപ്പാകാത്തതും യുവാക്കളുടെ മയക്കുമരുന്ന് ഉപയോഗവും എല്ലാ തവണ കാണുമ്പോഴും മൂപ്പൻ സങ്കടത്തോടെ പറയാറുണ്ടായിരുന്നു. പുകയിലയുടെ അമിത ഉപയോഗവും ഇപ്പോൾ വേട്ടക്കാരിലൂടെയും മീൻപിടിത്തക്കാരിലൂടെയും ഇവരിലെത്തുന്ന മദ്യവും ചോലനായ്ക്ക യുവാക്കളിൽ ലഹരികളോടുള്ള അടിമത്തം വർദ്ധിപ്പിച്ചിട്ടുണ്ട്.

ന്യൂ അമരമ്പലം പഠനകാലത്ത് 2000 ത്തിൽ ഓരോ തവണ മൂപ്പനെ കാണുമ്പോഴും പുതിയ സസ്യങ്ങളെയും ജീവജാതികളെയും കാണിച്ചുതരാൻ അദ്ദേഹം കാണിച്ച ആവേശം ഞങ്ങളെയും ആവേശഭരിതരാക്കി. ന്യൂ അമരമ്പലം റിസർവ്വിലെ മനുഷ്യൻ ഇതുവരെ കാലുകുത്തിയിട്ടില്ലാത്ത ഒട്ടേറെ മേഖലകളിൽ മൂപ്പൻ ഞങ്ങൾക്ക് മികച്ച വഴികാട്ടിയും കാവൽക്കാരനുമായിരുന്നു. കാട്ടുമരുന്നുകളുടെ ഫലപ്രാപ്തി പലതവണ ഞങ്ങൾ അനുഭവിച്ചറിഞ്ഞു. നിലാവില്ലാത്ത രാത്രികളിൽ തേനെടുക്കാൻ കടുവയും കഴുതപ്പുലിയും, കരടിയും രാജവെമ്പാലയുമൊക്കെയുള്ള കാട്ടിൽ പാതിരാത്രി ടോർച്ചില്ലാതെ ഞാൻ പലതവണ മൂപ്പനൊപ്പം ഉൾക്കാട്ടിൽ പോയിട്ടുണ്ട്. രാത്രിയും നന്നായി കാഴ്ചയുള്ള, ഏതുശബ്ദവും നന്നായി തിരിച്ചറിയുന്ന, സൂര്യനെയും നക്ഷത്രങ്ങളെയും കാലാവസ്ഥയെയും നോക്കി ദിക്കും സമയവും പറഞ്ഞുതരുന്ന യഥാർത്ഥ ഗുരു കൂടിയായിരുന്നു ഞങ്ങൾക്ക് വഴികാട്ടിയായി പ്രവർത്തിച്ച പാണപ്പുഴ ചാത്തൻ. ഒട്ടേറെ നിരീക്ഷണങ്ങളും കണ്ടെത്തലുകളും എല്ലാ യാത്രകളിലും അദ്ദേഹം പകർന്നു തന്നിരുന്നു. ഞാൻ കണ്ടിട്ടുള്ളതിൽ ഏറ്റവുമധികം അറിവുള്ളയാൾ എന്ന് ഞാൻ എല്ലായ്പ്പോഴും വിശേഷിപ്പിക്കുന്നത് കാട്ടറിവിന്റെ ഈ തമ്പുരാനെയാണ്.

ഒരിക്കൽ ഞാനും സുഹൃത്ത് പ്രവീണും ചോലനായ്ക്കരുടെ ആചാരരീതികളെ കുറിച്ച് മാഞ്ചീരിയിലെ മൂപ്പന്റെ അളക്കുമുമ്പിൽ സംസാരിച്ചിരിക്കെ, പെട്ടെന്ന് അകത്തേക്ക് കയറിയിരിക്കാൻ പറഞ്ഞ മൂപ്പൻ തൊട്ടുപിറകെ കാണിച്ചുതന്നത് ഞങ്ങളിരുന്ന ഭാഗത്തുകൂടി മന്ദം കടന്നുപോകുന്ന ഒരു രാജവെമ്പാലയെയായിരുന്നു. മലകളെയും പുഴകളെയും ആനകളെയും ഉറുമ്പിനെയും ആരാധിക്കുന്ന ചോലനായ്ക്കർക്കിടയിൽ പുതിയ പല തുടക്കങ്ങൾക്കും മൂപ്പൻ ആരംഭം കുറിച്ചിട്ടുണ്ട്. എങ്കിലും പാരമ്പര്യ കാട്ടുരീതികൾ മുറുകെ പിടിക്കാനും അദ്ദേഹം ശ്രമിച്ചു. 1999 ഓഗസ്റ്റ് 15 ന് മാഞ്ചീരി കോളനിയിലെത്തി പായസം വെച്ച് വിളമ്പവെ മൂപ്പൻ പായസം കുടിക്കാൻ കൂട്ടാക്കിയില്ല. നിങ്ങളതിൽ നെയ്യ് ചേർത്തിരിക്കുമെന്നായിരുന്നു അതിനുള്ള ന്യായം.

പൊതുസമൂഹത്തിൽ നിന്നകന്ന് ഗോത്രതാളത്തിന്റെ നിറവിൽ കഴിഞ്ഞുവന്ന പ്രാക്തന ഗോത്രസമൂഹത്തെ രോഗാതുരമാക്കിയ ഭക്ഷണ-ആരോഗ്യ അധിനിവേശത്തിനെതിരെ, സിയാറ്റിൻ മൂപ്പനെ പോലെ പൊരുതിയ മറ്റൊരു ധീരനായ ഗോത്രതലവനായിരുന്നു പാണപ്പുഴ ചാത്തൻ. ചാത്തന്റെ പിതാവിനെ പൊതുസമൂഹം പരിചയപ്പെട്ടിട്ടില്ല. എന്നാൽ ചാത്തൻ പറഞ്ഞിരുന്നത് അദ്ദേഹത്തിന്റെ അച്ഛൻ കാട്ടുപോത്തിനോടുപോലും മല്ലിട്ടിരുന്ന ധീരനായിരുന്നു എന്നാണ്. ഏകദേശ കണക്കനുസരിച്ച് അറുപതുകൾ വരെ ജീവിച്ച പേരില്ലാത്ത ആ അച്ഛനാണ് എന്റെ മാർഗ്ഗദർശി എന്ന് പാണപ്പുഴ ചാത്തൻ പലതവണ പറഞ്ഞിരുന്നു. ഏഷ്യയിലെ ഏക ഗുഹാമനുഷ്യരായ ചോലനായ്ക്കരെ 1972 ലാണ് പുറംലോകമറിഞ്ഞത്. എൺപതുകളിലെ നിർബന്ധിത കുടുംബാസൂത്രണമാണ് ചോലനായ്ക്ക ഗോത്രത്തെ ഇന്ന് വംശനാശ ഭീഷണിയിലെത്തിച്ചത്.

ചോലനായ്ക്ക മൂപ്പൻ പാണപ്പുഴ ചാത്തന്റെ ആദ്യഭാര്യ മികച്ച കാട്ടുചികിത്സകയായിരുന്നു. ഇപ്പോൾ വനപാലകനായി ജോലിചെയ്യുന്ന ബാലനടക്കം മൂന്ന് മക്കളാണ് മൂപ്പനുള്ളത്. വനാവകാശം ഇനിയും നടപ്പിലാവാത്തത് മൂലം സ്വന്തം ഭൂമിയില്ല എന്ന ചിന്ത മൂപ്പനെ അത്രയൊന്നും അലോസരപ്പെടുത്തിയിരുന്നില്ല. വിസ്തൃതമായ വനമേഖലകളിൽ കഴിഞ്ഞുവന്ന ഗോത്രതാളത്തിൽ നിന്ന് പുതുതലമുറ അകലുന്നതിലും ലഹരിയുടെ ആസക്തികളിൽ അടിമപ്പെടുന്നതിലുമായിരുന്നു അദ്ദേഹത്തിന്റെ ദുഃഖം.

കരുളായി ദേശസേവിനി വായനശാലയുടെയും നിലമ്പൂർ പ്രകൃതിപഠന കേന്ദ്രത്തിന്റെയും നിലമ്പൂർ പരിസ്ഥിതി സമിതിയുടെയും ശാസ്ത്രസാഹിത്യ പരിഷത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ മണിക്ക് കരുളായി ലൈബ്രറി ഹാളിൽ സംഘടിപ്പിച്ച വിപുലമായ പാണപ്പുഴ ചാത്തൻ സ്മൃതിസംഗമത്തിൽ ഒട്ടേറെ വ്യക്തികളാണ് പങ്കെടുത്തത്. ചാത്തനുമായി ഹൃദയബന്ധം പുലർത്തിയിരുന്ന നിരവധി പേർ ചടങ്ങിൽ ഓർമ്മകൾ പങ്കുവെച്ചു. ജൈവവൈവിധ്യ പൂർണ്ണമായ അഞ്ച് ഇനം വനങ്ങളുള്ള ലോകത്തെ എട്ടാമത്ഭുതമായ ന്യൂ അമരമ്പലം റിസർവ്വിനെ ദേശീയോദ്യാനമായി പ്രഖ്യാപിച്ച് പാണപ്പുഴ ചാത്തന് സ്മൃതിമണ്ഡപം തീർക്കണമെന്ന് യോഗം ആവശ്യപ്പെടുകയുണ്ടായി. എല്ലാ വർഷവും ഡിസംബർ 27 ന് പാണപ്പുഴ ചാത്തൻ സ്മാരക സംഗമം നടത്താനും തീരുമാനിച്ചു. ജീവിതം ധന്യമാക്കിയ ഒരു ഗോത്ര തലവനോടുള്ള നിറഞ്ഞ ആദരമായിരുന്നു സ്മൃതിമണ്ഡപം.

***ഏഷ്യയിലെ ഏക ഗുഹാമനുഷ്യരായ ചോനായ്ക്കരെ 1972 ലാണ് പുറംലോകമറിഞ്ഞത്.***

ജയപ്രകാശ് നിലമ്പൂർ 9497627053



*കാഴ്ചയുടെ തീർത്ഥാടനങ്ങൾ*

**മമ്മദ്**

# സൈക്കിൾ മോഷ്ടാവിന്റെ മകൻ

ചില സിനിമകൾ അങ്ങനെയാണ്. ഒരു കഥാപാത്രം, ദൃശ്യം, അല്ലെങ്കിൽ ഏതാനും വാക്കുകൾ, നോക്കുകൾ എന്നിവ കാണിയെ ചൂഴ്ന്നിറങ്ങും. പിന്നീട്, രസാസ്വാദനത്തിന്റെ സ്വകാര്യനിമിഷങ്ങളിൽ സഹൃദയരുടെ ഉൾക്കണ്ണുകളെ അവ ഈറനണിയിച്ചു കൊണ്ടിരിക്കും. വിറ്റോറിയ ഡിസീക സംവിധാനം ചെയ്ത സൈക്കിൾ മോഷ്ടാക്കൾ (Bicycle Thieves) എന്ന സിനിമ ലോകസിനിമയുടെ തന്നെ മൊത്തം ദൃശ്യോദ്പാദന സമീപനത്തിലും സൗന്ദര്യശാസ്ത്രത്തിലും ചരിത്രപരമായി ഇടപെട്ട സിനിമയാണ്. സ്റ്റുഡിയോയുടെ മതിലുകൾ തകർത്ത് സിനിമയെ യഥാർത്ഥഭൂമികയിലേക്ക് കൊണ്ടുവന്ന കൃതി.

ലളിതമാണ് സിനിമയുടെ കഥാതന്തു. ഇറ്റലിയിലാണ് സംഭവം. രണ്ടാം ലോകമഹായുദ്ധക്കാലത്തെ സാമ്പത്തികമാന്ദ്യത്തിൽ തൊഴിൽരഹിതനായ നായകന് ദീർഘകാലത്തെ കാത്തിരിപ്പിന്നൊടുവിൽ ഒരു ജോലികിട്ടുന്നു. നഗരത്തിൽ പരസ്യപ്പോസ്റ്റർ ഒട്ടിക്കുന്ന ഈ ജോലിക്ക് പണയത്തിലിരിക്കുന്ന തന്റെ സൈക്കിൾ തിരിച്ചെടുക്കണം. അതിനായി അയാളുടെ ഭാര്യ കിടക്കവിരിയും തലയിണയുറയുമടക്കം വീട്ടിലുള്ള അവസാനത്തെ സൗകര്യവും പണയപ്പെടുത്തുന്നുണ്ട്. തിരിച്ചെടുത്ത സൈക്കിളുമായി ആവേശത്തോടെ ജോലിക്കിറങ്ങുന്ന ആദ്യ ദിവസംതന്നെ അത് തെരുവിൽ വെച്ച് മോഷണം പോകുന്നു. പിന്നീട് ആ സൈക്കിളും തേടി അയാൾ യാത്രയാവുന്നു. തുടക്കത്തിൽ ചില സുഹൃത്തുക്കളുമുണ്ട് കൂട്ടിന്. പിന്നെപ്പിന്നെ അയാളും മകനും മാത്രമായി സംഘം ചുരുങ്ങുന്നു. സൈക്കിൾ തേടിയുള്ള യാത്ര ഇറ്റലിയിലെ അക്കാലത്തെ ജീവിതത്തിലേക്ക് ചുഴിഞ്ഞിറങ്ങുന്ന കണ്ണുകളാവുന്നു. അത്രയുംകാലം സിനിമയ്ക്കപരിചിതമായിരുന്ന ജീവിതയാഥാർത്ഥ്യങ്ങളെയും തെരുവുകാഴ്ചകളെയും സിനിമ പച്ചയ്ക്കു കാണിക്കുമുമ്പിൽ അവതരിപ്പിക്കുന്നു. വ്യവസ്ഥകൾ തീർക്കുന്ന ഊരാക്കുടുക്കുകളിൽ കുടുങ്ങിപ്പോകുന്ന വ്യക്തികളും സ്വപ്നങ്ങളും നമുക്കു മുന്നിൽ അനാവൃതമാകുന്നു. ഇറ്റാലിയൻ നിയോറിയലിസത്തിന് ജീവൻ പകർന്ന ഈ കൃതി അതിന്റെ ബഹുമുഖതലങ്ങളിൽ വായിക്കപ്പെട്ടിട്ടുണ്ട്. സംവിധായകനും കേമറാമേനും നടീനടന്മാരും അവരുടെ ക്രിയാത്മക നൈപുണ്യത്തിന് പ്രശംസിക്കപ്പെട്ടിട്ടുണ്ട്. യുദ്ധങ്ങൾ തീർത്ത കാലത്തിന്റെ മുറിവുകളിൽ നിന്ന് സിനിമ ലോകത്തെ അഭിസംബോധന ചെയ്തിട്ടുണ്ട്. ലോകസിനിമാചരിത്രത്തിൽ സ്വയം അടയാളമായിട്ടുണ്ട്. യുദ്ധാനന്തര സിനിമയിലെ മുഖമുദ്രയായ നോവുകൾക്കൊപ്പം, ദുരന്തനായകനായ ആന്റോണിയോയോടൊപ്പം അയാളുടെ മകനായ ബ്രൂണോയും കാണികളിൽ നിറയും. പ്രത്യേകിച്ചും, സിനിമയിലെ അവിസ്മരണീയമായ അന്ത്യരംഗങ്ങളിൽ.


ഈ സിനിമ കാണിയിൽ നിക്ഷേപിക്കുന്ന പ്രാഥമികമായ മുഖബിംബം ആന്റോണിയോ എന്ന പിതാവിന്റെ കണ്ണായി, കയ്യായി കൂടെ നടക്കുന്ന ബ്രൂണോ എന്ന ആൺകുട്ടിയുടേതാണ്. ഷൂട്ടിംങ് കാണാനെത്തിയവരിൽനിന്ന് തിരഞ്ഞെടുത്ത എൻസോ സ്റ്റായോല എന്ന ഈ കുട്ടി ലോകസിനിമയുടെ മുഖപടത്തിൽ എന്നെന്നേക്കുമായി തന്നെത്തന്നെ പ്രതിഷ്ഠിച്ചത് പ്രതിഭയുടെ കരുത്തിലാണ്. അങ്ങനെ ലോകസിനിമാ ഭൂപടത്തിലേക്ക് സൈക്കിൾ മോഷ്ടാവിന്റെ മകനും പിതാവിനോടൊപ്പം നടന്നു കയറി. സിനിമയെക്കുറിച്ചുള്ള ഓർമ്മകൾ ഈ മകനെക്കുറിച്ചുകൂടിയുള്ള നൊമ്പരമായി. സൈക്കിൾമോഷ്ടാവിന്റെ മകൻ കാലത്തിന്റെ നെഞ്ചിലെ മുറിവായി.

തുടക്കത്തിൽ യുദ്ധാനന്തര ഇറ്റലിയെ സാമ്പത്തിക മാന്ദ്യത്തെത്തുടർന്നുള്ള ഇല്ലായ്മകളെ സിനിമ സൂചിപ്പിക്കുന്നു. തൊഴിലില്ലായ്മ തീർക്കുന്ന വറുതികളെ ഫലവത്തായി കോറിയിടുന്നു. ദാരിദ്ര്യം പുഴുക്കൾ കണക്കെ എങ്ങനെ ജീവിതത്തിൽ നുരയുന്നുവെന്ന് അടയാളപ്പെടുത്തുന്നു. ഒരു ജോലി പകരുന്ന പ്രതീക്ഷ അവതരിപ്പിക്കുന്നു. ജോലി ലഭിക്കുന്നതിലെ ആഘോഷം ഒരു മിന്നൽ കണക്കെ പിന്നീട് മാഞ്ഞുപോകുന്നു. ജീവിതത്തെ കുറിക്കുന്ന തെളിച്ചങ്ങൾ സമാനതകളില്ലാതെ ഇരുളിലാഴുന്നു. കാണികളും കഥാപാത്രങ്ങൾക്കൊപ്പം ദുരന്തയാത്രികരായിത്തീരുന്നു.

സൈക്കിൾ തേടിയുള്ള യാത്രയിൽ അച്ഛന് കൂട്ടിറങ്ങുന്ന മകനും കാണിയുടെ ശ്രദ്ധ തേടുന്നുണ്ട്. ജീവിതത്തിന്റെ പാരുഷ്യങ്ങളേശാത്ത ഒരു കുരുന്നുകണ്ണിനെ കൂട്ടത്തിൽ നിറുത്തി സാമൂഹികതയിലെ മനുഷ്യാവസ്ഥയെ പുനഃപ്പരിശോധിക്കുന്നുണ്ട് സംവിധായകൻ. അക്കാലത്തെ ഇറ്റാലിയൻ തെരുവിന്റെ മൂടുപടങ്ങൾ അനാവൃതമാക്കുന്ന ഈ യാത്രയിൽ യുദ്ധാനന്തര ഇറ്റാലിയൻ തെരുവുകളുടെ യഥാർത്ഥമായ ചിത്രം സിനിമ അവതരിപ്പിക്കുന്നു. കറുപ്പിലും വെളുപ്പിലും പൊതിഞ്ഞ ഈ ചിത്രം അക്കാലത്തെ ജീവിതത്തെ നന്നായി പ്രതിനിധീകരിക്കുന്നുമുണ്ട്. തെരുവിൽ നിന്നും യാത്ര പള്ളിയിലേക്കും റെസ്റ്റോറന്റിലേക്കും ജ്യോതിഷിയുടെ മുൻപിലേക്കും നീളുന്നുണ്ട്. താന്താങ്ങളുടെ ലോകങ്ങളിൽ കുടുങ്ങിപ്പോയ ചെറിയമനുഷ്യരെക്കൊണ്ട് നിറയുന്ന തെരുവുകൾ പുഴകളെപ്പോലെ കവിയുന്നത് സിനിമ ചൂണ്ടിക്കാട്ടുന്നു. പുഴുസമാനമായ മനുഷ്യാവസ്ഥയിലേക്ക് ചുരുക്കപ്പെട്ട ജന്മങ്ങൾ കാഴ്ചയിൽ നിറഞ്ഞു മറയുന്നു.

ദിവസങ്ങൾ നീണ്ട അലച്ചിലിനൊടുവിൽ നിരാശയും പ്രതിഷേധവും മാത്രം അകം പൊള്ളിക്കെ, ആന്റോണിയോയും ബ്രൂണോയും തെരുവിനെ അഭിമുഖീകരിച്ചിരിക്കുന്നുണ്ട്. വഴിവെളിച്ചങ്ങളെല്ലാം തീർന്ന് ജീവിതം ഇരുൾ മൂടിയവന്റെ നിസ്സഹായമായ ഇരുത്തം. കാണിയെ പൊള്ളിക്കുന്ന സിനിമയിലെ രംഗങ്ങളിലൊന്ന്. ഒരുവശത്ത് തലക്ക് കൈയും കൊടുത്തിരിക്കുന്ന ബ്രൂണോ. തൊട്ടടുത്ത്, തന്റെ തൊപ്പിയും കറക്കി വാടിക്കരിഞ്ഞിരിക്കുന്ന ആന്റോണിയോ. മുന്നിലൂടെയൊഴുകുന്ന അറ്റമറ്റ വാഹനങ്ങൾ. എതിർവശത്ത് മോണ്ടോക്രിയോ സ്റ്റേഡിയം. സ്റ്റേഡിയത്തിനകത്തുനിന്നും തീരാനായ ഏതോകളിയുടെ ആകാശംതൊടുന്ന ആരവങ്ങൾ. പുറത്ത് കാണികൾ നിർത്തിയ സൈക്കിളുകൾ തീർക്കുന്ന മഹാനദി. തെരുവിലൂടെ അനർഘളം ഒഴുകുന്ന മനുഷ്യവൃന്ദം. ഇതിനിടയിൽ ഒറ്റപ്പെട്ടു നിൽക്കുന്ന ഒരു സൈക്കിൾകാഴ്ച ആന്റോണിയോയെ പിടിച്ചുലയ്ക്കുന്നു. വശീകരിക്കപ്പെട്ടവനെപ്പോലെ അത് അയാളെ ഉടക്കി വലിക്കുന്നു. എന്തെല്ലാമോ തീരുമാനിച്ചുറച്ച ആന്റോണിയോ പോക്കറ്റിൽനിന്നും കാശെടുത്ത് ബ്രൂണോയ്ക്ക് കൊടുത്ത് അടുത്ത തെരുവിൽ നിന്നും വണ്ടി കയറാൻ അവനെ നിർബന്ധിക്കുന്നു. പിതാവിനെ പിന്തുടർന്നു മാത്രം ശീലിച്ച അവൻ തിരിഞ്ഞല്പം നടന്ന് വീണ്ടും അച്ഛനു പിന്നാലെ നിഴലാകുന്നു. അയാൾ അവനെ തിരിച്ചോടിക്കുന്നു. ഗതിയറ്റ് വിഷാദത്തോടെ അച്ഛൻ പറഞ്ഞ തെരുവിലേക്ക് വണ്ടികയറുവാനായി അവൻ ട്രാംകാർ സ്റ്റോപ്പിലേക്ക് നടക്കുന്നു.

ഇതിനിടെ, ഒരു കെട്ടിടത്തോടു ചേർത്തു ചാരി നിറുത്തിയ സൈക്കിൾ മോഷ്ടിക്കാനുറച്ച ആന്റോണിയോ ആ കൃത്യംചെയ്യാൻ ധൈര്യത്തിനെന്നോണം ഒന്നുരണ്ടു തവണ അതിനെ വലംവെക്കുന്നുണ്ട്. പിന്നീട്, തന്റെ കെട്ട ജീവിതാനുഭവങ്ങൾ പകർന്ന ധൈര്യത്താലെന്നോണം ആ സൈക്കിളുമെടുത്ത് ജീവനും പിടഞ്ഞോടുന്നു. കെട്ടിടത്തിനകത്തു നിന്നും ഉടമ ബഹളത്തോടെ ഓടിവരുന്നു. സൈക്കിളിനു പിന്നാലെ കള്ളനെപ്പിടിക്കാനായി ഓടുന്ന ഒരു ചെറുസംഘം താമസംവിനാ രൂപപ്പെടുന്നു. പ്രാണനിൽ അവശേഷിക്കുന്ന മുഴുവൻ പ്രത്യാശയോടെ ആഞ്ഞു ചവിട്ടിയിട്ടും പക്ഷെ, ആന്റോണിയോ പിടിക്കപ്പെടുന്നു. കള്ളൻ കള്ളൻ എന്നാർത്തുവിളിച്ച് ആൾക്കൂട്ടം അയാളെ തല്ലിയും പിച്ചിയും ഉന്തിത്തള്ളി മുന്നോട്ടു കൊണ്ടു പോകുന്നു. ട്രാം കാത്തുനിൽക്കുന്ന ബ്രൂണോ ഈ രംഗം കണ്ട് സ്തബ്ധനായി അച്ഛനരികിലേക്ക് ഓടിവരുന്നു. അച്ഛന്റെ കോട്ടിൽ പിടിച്ച് പപ്പാ പപ്പായെന്നവൻ വാവിട്ടുകരയുന്നു. ആൾക്കൂട്ടം തള്ളിക്കൊണ്ടുപോകവെ ആന്റോണിയോയുടെ തലയിൽ നിന്നും തെറിച്ചുവീഴുന്ന തൊപ്പിയുമെടുത്ത് അവൻ ആൾക്കൂട്ടത്തിലേക്ക് തിരക്കിക്കയറുന്നു. ആന്റോണിയോയെ എന്തു ചെയ്യണമെന്ന ആൾക്കൂട്ട സന്ദേഹങ്ങൾക്കിടയിൽ ബ്രൂണോയോട് അലിവു തോന്നിയ സൈക്കിളുടമ അയാളെ വെറുതെവിടാമെന്ന് പറയുന്നു. ആളുകൾ പലതും പറഞ്ഞ് പ്രകോപിപ്പിക്കുന്നുണ്ടെങ്കിലും അയാൾ തന്റെ നിലപാടിൽ ഉറച്ചു തന്നെ നിൽക്കുന്നു. ശാപവാക്കുകൾ വർഷിച്ച് ആൾക്കൂട്ടം അവരെ കയ്യൊഴിയുന്നു. ജീവിതത്തിന്റെ വറചട്ടിയിൽ വേവുന്ന രണ്ടു മുഖങ്ങൾ കാണികളുടെ കാഴ്ച്ചയുടെ നോവായിത്തീരുന്നു. ജീവിതം കശക്കിയ ബ്രൂണോയുടെ കുഞ്ഞുമുഖം, പ്രത്യേകിച്ചും. തങ്ങളുടെ വറുതികൾക്കും മീതെ സ്വാഭിമാനവും നഷ്ടപ്പെട്ട് ഇരുവരും ആൾക്കൂട്ടത്തിലേക്ക് ലയിച്ച് സ്വയം നഷ്ടപ്പെടുന്നു. തെരുവിലൂടെയൊഴുകുന്ന മുഖമറ്റ ആൾക്കൂട്ടത്തിൽ സൈക്കിൾമോഷ്ടാവിന്റെ മകനോടൊപ്പം സിനിമയൊടുങ്ങുന്നു. *മമ്മദ് 9495511377*



ഉള്ളിലെ നിധിശേഖരത്തിൽ നിന്നും ലഭ്യമാകുന്ന ആനന്ദത്തിന് പകരം വെക്കാൻ ഒന്നിനുമാവില്ല. ഇതറിയലാണ് 'ബോധോദയം' അത് ഓരോരുത്തരും സ്വയം തേടേണ്ടതാണ്. ബോധോദയം ആരുടെയും വരദാനമല്ല. ഈ പ്രപഞ്ചവും ഞാനും രണ്ടല്ലെന്ന തിരിച്ചറിവും ഒന്നാണെന്ന അനുഭവപ്പെടലുമാണ്

ബോധോദയം

*ഇക്കാർട്ട് ടോളിയുടെ പവർ ഓഫ് നൗ എന്ന പുസ്തകത്തെ മുൻനിർത്തി ചില ആലോചനകൾ*

# വാക്കുകൾ കൊണ്ടറിയാൻ കഴിയാത്ത സത്യം

**സി.പി. സുരേഷ് ബാബു**

*പവർ ഓഫ് നൗ* എന്ന പുസ്തകത്തിന്റെ മുഖവുരയിൽ ഇക്കാർട്ട് ടോളി പറയുന്നു. "ഈ പുസ്തകം വെറുതെ വായിച്ചു പോകാനുള്ളതല്ല ഇതിലെ ആശയങ്ങൾ ചിന്തയ്ക്ക് വിധേയമാക്കാനുള്ളതല്ല മറിച്ച് അനുഭവിക്കാനുള്ളതാണ്. ഓരോ ഖണ്ഡവും കഴിയുമ്പോൾ ഒരടയാളമിട്ടിട്ടുണ്ട്. അതുവരെ മാത്രം വായിക്കുക. ഒരു നിമിഷം വായന നിർത്തിവെച്ച് വായിച്ചത് അനുഭവിച്ചറിയുക. നല്ലൊരു സൂര്യോദയം കണ്ട് അതിനെ അല്പ സമയം കൂടി മനസ്സിനോട് ചേർത്തുനിർത്തും പോലെ.. ഞാനീ പുസ്തകം വായിച്ച് അത്ഭുതത്തോടെ ഓർത്തു. ഇതിലെ ഓരോ ഖണ്ഡവും എന്നിലുറങ്ങിക്കിടന്ന പ്രാക്തന സ്മൃതിയായ ആദിമ അറിവിന്റെ സംസ്കാരത്തിന്റെ കുളിർ കോരിയിടാൻ.

നാമെല്ലാം പലവട്ടം കേട്ട് തഴമ്പിച്ച ഒരു കഥയോടെയാണ് ടോളി തന്റെ പുസ്തകം തുടങ്ങുന്നത് നിധിപ്പെട്ടിയുടെ മുകളിലിരുന്ന് ഭിക്ഷ യാചിക്കുന്ന ദരിദ്രന്റെ കഥ. ഒരു ദിവസം ഒരു അപരിചിതൻ ഭിക്ഷക്കാരനോട് ചോദിച്ചു. നിങ്ങളിരിക്കുന്ന ഈ പെട്ടി ഒരിക്കലെങ്കിലും നിങ്ങൾ തുറന്നുനോക്കിയിട്ടുണ്ടോ? ഇല്ലെന്ന് പറഞ്ഞ ദരിദ്രനോട് അതൊന്ന് തുറന്നുനോക്കാൻ നിർബന്ധിച്ചപ്പോൾ മനസ്സില്ലാമനസ്സോടെ തന്റെ ഇരിപ്പിടം മാത്രമായ പെട്ടി തുറന്നുനോക്കിയ ദരിദ്രൻ അത്ഭുതപരതന്ത്രനായി അതിൽ നിറയെ സ്വർണ്ണനാണയങ്ങളായിരുന്നു. ആ അപരിചിതൻ താനാണെന്ന് സ്വയം പരിചയപ്പെടുത്തുന്നു ടൂളി. അപ്പോൾ ദരിദ്രനായ ഭിക്ഷക്കാരനോ? നമ്മളോരോരുത്തരും തന്നെ.

ഭൗതികമായ സമ്പത്തിനെയല്ല ടൂളി ഉദ്ദേശിച്ചത് നമ്മുടെ ഉള്ളിൽ ഉറങ്ങിക്കിടക്കുന്ന യഥാർത്ഥ ധനം ശാന്തിയുടെയും സന്തോഷത്തിന്റെയും സമാധാനത്തിന്റെയും പൂട്ടു തുറക്കാനുള്ള താക്കോലാണ്. നാം മറന്നുപോയ password ഓർമ്മിക്കാൻ നമ്മെ പ്രേരിപ്പിക്കുകയാണ് Echart Tolle.

ഒന്നോർത്താൽ സ്നേഹത്തിനുവേണ്ടി, സന്തോഷത്തിന് വേണ്ടി, സമാധാനത്തിനുവേണ്ടി, അഭയത്തിനുവേണ്ടി അന്യന്റെ മുമ്പിൽ ഭിക്ഷാപാത്രവും വെച്ച് യാചിക്കുന്നവരല്ലേ നമ്മളെല്ലാം? നമ്മുടെ മുമ്പിലും ഇതുപോലെ യാചിക്കുന്നവർ ഉണ്ടാകണമെന്നും നമ്മളാഗ്രഹിക്കുന്നു. എന്നാൽ ഉള്ളിലെ നിധിശേഖരത്തിൽ നിന്നും ലഭ്യമാകുന്ന ആനന്ദത്തിന് പകരം വെക്കാൻ ഒന്നിനുമാവില്ല. ഇതറിയലാണ് 'ബോധോദയം' അത് ഓരോരുത്തരും സ്വയം തേടേണ്ടതാണ്. ബോധോദയം ആരുടെയും വരദാനമല്ല. ഈ പ്രപഞ്ചവും ഞാനും രണ്ടല്ലെന്ന തിരിച്ചറിവും ഒന്നാണെന്ന അനുഭവപ്പെടലുമാണ് ബോധോദയം (State of feeling oneness with being). അത് അളക്കാനാകാത്തതും അഭാജ്യമായതുമായ ഒരു ഊർജ്ജവുമായി ചേർന്നു നിന്നൊന്നാവലാണ്. പേരിനും രൂപത്തിനും അതീതമായ യഥാർത്ഥ സത്യത്തെ തിരിച്ചറിയലാണ്.

ബുദ്ധൻ പറഞ്ഞു എല്ലാ വേദനകളുടെയും അന്ത്യമായുള്ള അവസ്ഥയാണത്. അതിൽ അമാനസികമായി ഒന്നും തന്നെയില്ല. ഏത് ബിന്ദുവിലാണോ അത് എല്ലാ വേദനകളും അവസാനിക്കുന്നത് അതിൽ തന്നെ.


ലോകത്തിലെ സമസ്ത ദർശനങ്ങളുടെയും അസംഖ്യ പെരുവഴികളുടെയും സംഗമവും അവിടെ തന്നെ.

Being എന്ന വാക്കു കൊണ്ട് Tolly ഉദ്ദേശിക്കുന്നത് സനാതനവും സർവ്വ വ്യാപിയും ഈ പ്രപഞ്ചത്തിൽ നിലനിൽക്കുന്ന അണുക്കളിൽ അണുവായും മഹത്തുക്കളിൽ മഹിമയാർന്നതുമായ ആ ഊർജ്ജത്തെ തന്നെയാണ്. സഭാ മാറ്റത്തിന് വിധേയമായി കൊണ്ടിരിക്കുന്ന പ്രപഞ്ചത്തിലെ മാറ്റമില്ലായ്മയും അതുതന്നെ. കറങ്ങുന്ന ചക്രത്തിൽ നിശ്ചലമായ ഒരു അക്ഷമുണ്ടെങ്കിൽ ആ അക്ഷത്തെ അങ്ങനെ നിലനിർത്തുന്നതും ആ ഊർജ്ജം തന്നെ. അത് ദൈവമല്ലേ എന്ന് ചോദിക്കുന്നവരോട് Tolly യുടെ ഉത്തരം ഇങ്ങനെ: ആയിരക്കണക്കിന് വർഷക്കാലത്തെ ദുരുപയോഗം കാരണം യഥാർത്ഥ അർത്ഥം നഷ്ടപ്പെട്ട ഒരു പദമാണ് ദൈവം അതുകൊണ്ട് ആ പദം ഞാൻ ദുർല്ലഭമായേ ഉപയോഗിക്കാറുള്ളൂ. ഈ കാരണം കൊണ്ട് അസംബന്ധമായ വിശ്വാസങ്ങൾ രൂപപ്പെട്ടു. പലതും അഹന്ത നിറഞ്ഞ ജല്പനങ്ങളുമായി "എന്റെ അല്ലെങ്കിൽ ഞങ്ങളുടെ ദൈവം മാത്രമാണ് ശരിയെന്നും നിന്റെ ദൈവം തെറ്റാണെന്നും അല്ലെങ്കിൽ നീഷെയുടെ കുപ്രസിദ്ധമായ 'ദൈവം' മരിച്ചു" എന്ന വചനവും രൂപപ്പെട്ടു.

ആദിയിൽ ദൈവം എന്ന പദം രൂപപ്പെട്ടപ്പോൾ തന്നെ ഒരു സങ്കൽപം ജനമനസ്സിൽ ഉണ്ടായി ഓരോരുത്തരും ജനിച്ചു വളർന്ന സാഹചര്യങ്ങളിൽ നിന്ന് കേട്ട് പഠിച്ച് കണ്ടറിഞ്ഞും ഒരു ചിത്രം മനസ്സുകളിൽ രൂപപ്പെട്ടു. മിക്കവരുടെയും മനസ്സിൽ ദൈവത്തിന്റെ അല്ലെങ്കിൽ ദൈവരാഹിത്യത്തിന്റെ വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ചവരാണ്. Being ദൈവമല്ല. അത് നിങ്ങൾ നിലനിൽക്കുന്നതും നിങ്ങളെ നിലനിർത്തുന്നതുമായ ഊർജ്ജമാണ് നാം അറിയുന്ന എല്ലാ ഊർജ്ജങ്ങളുടെയും ഉറവിടമാണത്. മനസ്സിൽ ഒരു ചിത്രത്തേയും വരക്കാൻ കഴിയാത്ത "അസ്തിത്വ"മാണത്. പക്ഷേ ഇത് അനുഭവിക്കാൻ കുറെ തടസ്സങ്ങളുണ്ട്. അതിനെക്കുറിച്ച്

**അടുത്ത ലക്കത്തിൽ പറയാം**

സി.പി. സുരേഷ് ബാബു**9447980530**



# പുഞ്ചിരിക്കുന്ന ചായക്കോപ്പകൾ

പത്മ

'ഒരു കപ്പ് ചായ' (A cup of tea) ഓഷോവിന്റെ പുസ്തകങ്ങളിലൊന്നാണ്. അനേകായിരം മനുഷ്യരുമായി നിരന്തരം സംഭാഷണങ്ങളിലേർപ്പെട്ട ഓഷോവിന്റെ കത്തുകളുടെ സമാഹാരമായിരുന്നു അത്. ജീവിതത്തിന്റെ ക്ഷണികവും അനശ്വരവുമായ തലങ്ങളെ സ്പർശിക്കുന്ന എഴുത്തുകൾ. ഒരിക്കലൊരുവൾ പകർന്നുതന്ന ഒരു കപ്പ് ചായയെ കുറിച്ച് ഓഷോ തന്നെ മറ്റൊരിടത്ത് ഓർമ്മപ്പെടുത്തുകയുണ്ടായി. ഏറെത്തണുത്തിരുന്നു ആ ചായ. എങ്കിലും അതു പകർന്നു നീട്ടിയവളുടെ നിർമ്മലമായ സ്നേഹസൗഹൃദങ്ങൾ ആ കപ്പിന്റെ രുചിയെ അതീവഹൃദ്യമാക്കി തീർക്കുകയായിരുന്നു. അതെ, ചായ അതു മാത്രമായിരിക്കുന്നില്ല.

"താജിന്റെ മിനുസത്തിൽ
വിരലുരുമ്മിയിട്ടില്ല.
വൻമതിലിലൂടെ നടന്നിട്ടില്ല.
പിസ്സയിലേക്കൊന്നു ചാഞ്ഞിട്ടില്ല.

ആകെയറിഞ്ഞത്.
ഒരിടത്തൊരാൾ.
കുടിച്ചുകഴിഞ്ഞ ചായക്കോപ്പ
ഉറുമ്പുകളിൽ നിന്നും
കമഴ്ത്തി വെച്ചതു മാത്രം"
**(അത്ഭുതം/പ്രതീഷ്)**

ചായക്കപ്പിന്റെ വക്കുകൾ ഭൂമിയുടെ, പ്രപഞ്ചത്തിന്റെ അതിരുകളോളം വിസ്തൃതിമാക്കിയ ഒരു മനുഷ്യൻ നമ്മുടെ സമീപമുണ്ടായിരുന്നു. ഭൂമിയുടെ അവകാശം മരങ്ങൾക്കും ഉറുമ്പുകൾക്കും പറവകൾക്കും പഴുതാരകൾക്കും എല്ലാം പങ്കിട്ട ഒരു മനുഷ്യൻ. നിശ്ശബ്ദമായ പ്രാർത്ഥനയായി ജീവിതം മാറ്റിയെഴുതി, ബഷീർ.

***

കാപ്പി കുടിക്കാൻ മാത്രമായി ഒരിടം നമ്മുടെ വീട്ടിലുണ്ടോ? ഒരു ചെറിയ മേശ. ഇരിപ്പിടങ്ങൾ. തിരക്കുകളിൽ നിന്നൊഴിഞ്ഞ് അല്പനേരം. ഒരു കെറ്റിൽ. രണ്ടോ മൂന്നോ കപ്പുകൾ. ഒരു ചെറിയ കരണ്ടി. ഒരു കാറ്റുള്ള വൈകുന്നേരം. ഒരു പാതിരാത്രിയുടെ അരിക്. മഴയും മഞ്ഞുമുള്ള ചില കാലങ്ങളിൽ, അടുക്കളയിലേക്ക് കയറി, തീയനത്തി, വെള്ളം തിളപ്പിച്ച് കാപ്പി കൂട്ടി വരുന്ന ഒര വൃദ്ധൻ. ഒരു കെറ്റിലും രണ്ട് ചീനക്കളിമണ്ണു കപ്പുകളും. ഉമ്മറപ്പടിയിൽ അയാളിരുന്നു. കൂട്ടുകാരിയും. ജീവിതത്തിന്റെ ഒടുവിലത്തെ ഋതുവിലായിട്ടും ആ രണ്ടു മനുഷ്യർ ആനന്ദത്തിന്റെ കവാടത്തിൽ ഒരു സായാഹ്നം ചിലവിടുന്നു.

***

ചായക്കപ്പ് ഒരു പുഞ്ചിരിയാണ്. വേദനയും അസ്വസ്ഥതയും നിറഞ്ഞ ഒരു ദിവസത്തെ നേർത്തതാക്കുന്നു ആ പുഞ്ചിരി. കപ്പുകൾ കഴുകുന്ന വെള്ളത്തിലേക്ക് നോക്കുക. തണുത്ത വിരലുകൾ തൊടുക. തിളച്ചുയരുന്ന കുമിളകളെ നോക്കുക. കാപ്പിയുടെ മണം വിങ്ങിയ നീരാവി കാണുക. കപ്പുകളിലേക്ക് പകരുന്നത് നമ്മുടെ തന്നെ ഹൃദയമാണ്. നമ്മുടെ തന്നെ കലഹവും സ്നേഹവും തിരക്കും ആലസ്യവുമാണ്. നമ്മുടെ തന്നെ മൗനവും ലാഘവത്വവും പുഞ്ചിരിയുമാണ്. വിചാരങ്ങളും ആവലാതികളും കൈവിട്ട്, നാമറിയാതെ നാം രുചിച്ചു തുടങ്ങുന്നത് ജീവിതത്തിന്റെ ചെറിയ ഒരിതളാണ്.

***

എവിടെയുമായിരിക്കട്ടെ, നമ്മൾ. പാടത്തോ, ചേരിലോ, തീവണ്ടിമുറിയിലോ, ആശുപത്രി വരാന്തയിലോ, തെരുവോരത്തോ, മൊണാസ്റ്ററിയിലോ, കോവിലിലോ, കഫേയിലോ ആവട്ടെ. ചൂടുള്ള, ചിലപ്പോൾ തണുത്ത, ആ കപ്പിലേക്ക് മിഴി നൽകുന്ന നിമിഷം മുതൽ, കപ്പിന്റെ ശരീരത്തിൽ സ്പർശിക്കുന്ന നിമിഷം മുതൽ നാമൊരു വെറും മനുഷ്യനായിത്തീരും. വസ്ത്രത്തിന്റെയോ ധനത്തിന്റെയോ അധികാരത്തിന്റെയോ കനങ്ങളില്ലാത്ത, തികച്ചും നഗ്നമായ ഒരു മനുഷ്യൻ. അയാൾക്ക് മുമ്പിൽ ലോകം ഒരു ചായക്കപ്പോളം വലുതാവുകയാണ്. അതിൽ അയാൾ അയാളെ തന്നെ കാണാനാരംഭിക്കുന്നു.

നോക്കൂ, ജീവിതം മാറിക്കഴിഞ്ഞുവല്ലോ?

# ഒരു നർമ്മദ സരോവർ കഥ

എം.ജി. സുരേഷ്

ഒരു മാസികയ്ക്കു വേണ്ടി മലയാളം ചെറുകഥകൾക്ക് ഇംഗ്ലീഷ് പരിഭാഷ ചെയ്യാറുണ്ട്. അതിനായി നല്ല കഥകൾ അന്വേഷിക്കാറുണ്ട്. ആ അന്വേഷണത്തിനിടയിലാണ് ഹാരിസ് നെൻമേനിയുടെ "ഭൂമി അളന്നെടുക്കുന്നതിനുള്ള വൈഷമ്യങ്ങൾ" കയ്യിൽ പെട്ടത്. വായിച്ചു. വായിച്ചപ്പോൾ ശങ്കയായി, ഈ കഥ എന്റെ ഒരു അനുഭവമാണല്ലോ, എവിടെയോ ഞാൻ മറന്നുവെച്ച ഒരു അനുഭവം. മറന്നുവെച്ച ഓർമ്മകളിലെ മാറാലയൊന്ന് നീക്കി. അതെ, ഹാരിസിന്റെ കഥ എന്റെ അനുഭവവുമൊത്ത് പോകുന്നു. വലിയ വ്യത്യാസങ്ങളില്ലാതെ. അതിനാൽ അതിവിടെ എഴുതുന്നു.

തൊഴിൽ തേടി ഗുജറാത്തിൽ എത്തിപ്പെട്ടത് 1988 ലാണ്. അതിനും മൂന്ന് നാല് വർഷത്തോളം കഴിഞ്ഞാണീ അനുഭവം. ഇതിനിടെ സൂറത്ത്, ബറോഡ, അഹമ്മദാബാദ് നഗരങ്ങൾ കണ്ടിട്ടുണ്ട്. അഹമ്മദാബാദിൽ നിന്നും മെഹ്സാന, രാജ്കോട്ട് എന്നീ നഗരങ്ങളിലേക്കുള്ള വഴികളിലൂടെ കുറേദൂരം ബസ് യാത്ര ചെയ്യേണ്ടി വന്നിട്ടുണ്ട്. താമസം ബറൂച്ചിനടുത്താകയാൽ നർമ്മദ കണ്ടിട്ടുണ്ട്. ബറൂച്ചിലെത്തുമ്പോഴേക്കും ഇരുകരയും മുട്ടിയുരുമ്മി നാണിച്ച് നാണിച്ച് നീങ്ങുകയായിരിക്കും നർമ്മദ. നാണംകൊണ്ട് ഇരുകരയിലേക്കും ചാഞ്ചാടുമ്പോൾ പാദസരങ്ങൾ കിലുങ്ങുന്നുണ്ടാകും. നർമ്മദയുടെ മദ്ധ്യത്തിലുള്ള കബീർവാട് എന്ന ദ്വീപിൽ ഒരു ദിവസത്തെ വിനോദസഞ്ചാരമുണ്ടായിട്ടുണ്ട്. നിറയെ ആൽമങ്ങളുള്ള ഈ ദ്വീപിലേത് പല മരങ്ങളല്ലെന്നും ഒറ്റ മരമാണെന്നും പറയുന്നു. ഇത്രയൊക്കെയായിട്ടും നർമ്മദ സരോവർ കാണാനായിട്ടില്ല. ഇന്ത്യയുടെ അണക്കെട്ടുകളുടെ ചരിത്രത്തിൽ തന്നെ ഒരു വലിയ സംഭവമാകുവാൻ തയ്യാറെടുക്കുകയാണീ അണക്കെട്ട്. ഇതിന്റെ നിർമ്മാണം പൂർത്തിയായാൽ വരണ്ട് കിടക്കുന്ന സൗരാഷ്ട്രയ്ക്ക് ജീവൻ വയ്ക്കുമത്രെ. അപ്പോൾ സൗരാഷ്ട്ര പുരോഗതിയുടെ എവറസ്റ്റ് കയറും. അതിലും വലിയൊരു അത്ഭുതം എന്തുണ്ടാകാനാണ്!

അണക്കെട്ടിന്റെ നിർമ്മാണത്തിനിടയ്ക്ക് വിഘ്നങ്ങളുണ്ട്. മേധാപട്ക്കറും, ബാബ ആംതെയും നർമ്മദാ ബചാവോ ആന്തോളനുമായി മുന്നിലുണ്ട്. കോടതിയിൽ കേസുണ്ട്. ചില ആദിവാസികളുടെ ഭൂമി നഷ്ടപ്പെടുമെന്ന ദു:ഖത്തിലാണവർ. വരാനിരിക്കുന്ന വസന്തത്തെയോർക്കുമ്പോൾ അതൊക്കെ എത്ര നിസ്സാരം!

കഥ തുടങ്ങുന്നത് ഇവിടെയാണ്. നർമ്മദയുടെ തീരത്തെവിടെയോ താമസിക്കുന്ന ഒരാളുടെ വീട് കമ്പനിയിലെ ഉയർന്ന ഉദ്യോഗസ്ഥർക്ക് താമസിക്കുന്നതിനായി വാടകയ്ക്ക് എടുത്തിട്ടുണ്ട്. കരാർ തീരുവാൻ ഇനിയും സമയമുണ്ട്. എന്നാൽ കരാർ തീരും മുമ്പേ വീടൊഴിയണമെന്ന് മാനേജ്മെന്റ് ശഠിക്കുന്നു. നാലുപേരെങ്കിലുമുണ്ടാകുമെന്ന് കരുതിയാണ് ഇങ്ങനെയൊരു സൗകര്യം ഏർപ്പെടുത്തിയത്. ഇപ്പോൾ ഒരാളേയുള്ളൂ. അയാൾക്കായി ഇത്രയും വലിയ വാടക കൊടുത്ത് ഇത്രയും വലിയ വീടിന്റെ ആവശ്യമില്ല. അതിനാൽ വീടൊഴിയണം. ചിലവ് കുറക്കണം. ഉത്തരവ് മെമ്മൊയായി മേലധികാരിക്ക് ലഭിച്ചിരിക്കുന്നു.

കാലാവധിക്ക് മുമ്പ് വീടൊഴിയില്ലെന്ന് ഉറപ്പ് കൊടുത്തിരുന്നതാണ്. അതുവഴിയാണ് നടപ്പ് വാടകയിൽ നിന്നും കുറഞ്ഞ വാടകയിൽ കമ്പനിക്ക് വീട് വാടകയ്ക്ക് തന്നത്. അതിനാൽ ഈ ഉത്തരവ് എങ്ങനെ വീട്ടുടമയെ അറിയിക്കും? അയാൾ എന്നെക്കുറിച്ച് എന്ത് കരുതും? ഉത്തരവ് നടപ്പാക്കേണ്ട മഹേഷ് ദുലേക്കർ വേവലാതിപ്പെടുന്നു.

മാനേജ്മെന്റിന്റേത് കമ്പനിക്ക് സൗകര്യപ്രദമായ, കമ്പനിയുടെ ലാഭം മാത്രം കണക്കിലെടുത്തുള്ള തീരുമാനമാണ്. നടപ്പാക്കിയേ പറ്റൂ. സ്ഥാപനത്തിനോട് കൂറുള്ള ജീവനക്കാരൻ എന്ന നിലയിൽ ഈ തീരുമാനം എങ്ങനെ നടക്കും എന്നത് നടപ്പാക്കേണ്ടവർക്ക് തീരുമാനിക്കാം.

വീടിന്റെ ഉടമ ഒരു ഉത്തമ ഗാന്ധിയനാകുന്നു. പറഞ്ഞ വാക്കിൽ നിന്നും കടുകിട വ്യതിചലിക്കാത്ത, എളിമയുടെ പര്യായമായ ഒരാൾ. വളരെ ശാന്തമായ സ്വരത്തിൽ സംസാരിക്കുകയും, സംസാരിച്ച കാര്യങ്ങൾക്ക് വ്യക്തതയുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്ന ഒരാൾ. മഹേഷ് അയാളെ ഗാന്ധിയെന്ന് വിളിച്ചു. അതാണയാളുടെ പേരെന്ന് ഞാനും ധരിച്ചുവശായി.

ഗാന്ധിയുമായി ബന്ധപ്പെടുവാൻ ഫോൺ സൗകര്യമില്ല. രാജ്പിപ്ല നഗരത്തിൽ നിന്നും കുറച്ച് മാറി, നർമ്മദ സരോവറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതിന്റെ ഓരത്തെവിടെയോ ആണ് ഇദ്ദേഹം താമസിക്കുന്ന ഗ്രാമം. ഗുജറാത്തിൽ ഇത്തിരി പച്ചപ്പുള്ള നഗരങ്ങളിൽ ഒന്നാണ് രാജ്പിപ്ല.

രാജ്പിപ്ല നഗരവും കടന്ന് പത്ത് കിലോമീറ്റർ കഴിഞ്ഞപ്പോഴേക്കും നാടിന്റെ ഛായ മാറി. ഞാനിപ്പോൾ പാലക്കാട്ടാണോ എന്ന് തോന്നിപ്പോയി. നർമ്മദ സരോവറിലേക്കെത്തുന്നതിനും അഞ്ചാറ് കിലോമീറ്റർ ഇപ്പുറത്ത് വെച്ച് ഞങ്ങളുടെ വണ്ടി ഞങ്ങളന്വേഷിക്കുന്ന ഗാന്ധിയുടെ ഗ്രാമത്തിലേക്കുള്ള ചെറിയ വഴിയിലേക്ക് തിരിഞ്ഞു. പിന്നെയും ആറേഴ് കിലോമീറ്റർ സഞ്ചരിച്ചു. വഴി എവിടെയോ അവസാനിച്ചുവെന്നു തോന്നി. വഴി തെറ്റിയിരിക്കുന്നു എന്ന് ഞങ്ങൾക്കുറപ്പായി. പുറത്തിറങ്ങി. കുറച്ച് നടന്നപ്പോൾ എതിരെ ഒരാൾ വരുന്നത് കണ്ടു. ചോദിച്ചു. അയാൾ പറഞ്ഞു. ഇല്ല. വഴി തെറ്റിയിട്ടില്ല. പക്ഷേ അങ്ങോട്ട് കാറൊന്നും പോകുകയില്ല. നടക്കണം.

അങ്ങനെ ഞങ്ങൾ കൃത്യം ഒരു മണിക്കൂർ കൂടി നടന്നു. അന്വേഷണം വൃഥാവിലായില്ല. പേരെഴുതാത്ത ഗ്രാമം ഞങ്ങൾ കണ്ടു. ഇടുങ്ങിയ വഴികളെ വഴികളെന്ന് വിളിക്കണോ അതോ ചോലകളെന്ന് വിളിക്കണോ എന്നറിയില്ലായിരുന്നു. നല്ല കർക്കിടകമാസത്തിൽ നാട്ടിലെ കൊച്ചുവഴികളിലൂടെ ഇങ്ങിനെ തെളിവെള്ളം ഉറവ പൊട്ടിയൊഴുകുന്നത് കണ്ടിട്ടുണ്ട്. ഇവിടെ ഇപ്പോൾ വർഷക്കാലമല്ല. എന്നിട്ടും ചുറ്റിലും കൊച്ചുകൊച്ചരുവികൾ കുതിച്ചോടുന്നു. കൂട്ടം കൂടി നിന്ന കുട്ടികളോട് ഞങ്ങൾ വീട്ടുടമയുടെ പേരു പറഞ്ഞു. വീടേതാണെന്നറിയുമോ എന്ന് ചോദിച്ചു. അവർ മുഖത്തോടു മുഖം നോക്കി. അപ്പോൾ മഹേഷ് വീണ്ടും തിരുത്തി. ഗാന്ധിയുടെ വീട്? മഹേഷ് ചോദിച്ചു.

അവരുടെ മുഖത്ത് സന്തോഷം വിടർന്നു. അവർ ഞങ്ങൾക്കൊപ്പം നടന്നു. വേലിയില്ലാത്ത പറമ്പിലേക്കെ

ത്തിച്ചു. നിറയെ മരങ്ങളുണ്ടായിരുന്നു ആ പറമ്പിൽ. ഗുജറാത്തിനെ കുറിച്ചുള്ള എന്റെ ചിന്തകളെ അമ്പരപ്പിച്ച കാഴ്ച. പല മരങ്ങളും എനിക്ക് പരിചയമുള്ളവയാണ്. മാവും പ്ലാവും പുളിയും കമുകും, തെങ്ങും പൊടിയിനിയും കാഞ്ഞിരവും, ഉങ്ങുമെല്ലാം അതിൽ പെടും. എനിക്കറിയാത്ത മരങ്ങൾ എന്നെ കണ്ടപ്പോൾ സന്തോഷം കൊണ്ട് നിറഞ്ഞാടി. തലയാട്ടി സ്വാഗതം പറഞ്ഞു. നല്ല തണുത്ത കാറ്റ്.

ഞങ്ങൾ വീടിനെ ലക്ഷ്യമാക്കി നടന്നു. വീടിന്റെ പുറത്തെത്തിയപ്പോൾ ഇതു തന്നെയാണോ ഗാന്ധിയുടെ വീടെന്ന് ഒരു നിമിഷം സ്തംഭിച്ചു. ഞങ്ങളെത്തിപ്പെട്ടത് എണ്ണയാട്ടുന്ന ചക്കിന്റെ മുന്നിൽ. നല്ല കപ്പലണ്ടിപിണ്ണാക്കിന്റെ മണം ചുറ്റിലും.

വീടിന്റെ പുറകിൽ നിന്നും ഗാന്ധി വന്നു. "ഹ്യൂ ട്യൂ മഹേഷ്ഭായ്" ( എന്തുപറ്റീ മഹേഷ് ഭായ്) എന്ന ആശ്ചര്യത്തോടെ. മഹേഷ് ഒന്നു പരുങ്ങി. ഗാന്ധി ഞങ്ങളെ അകത്തേക്ക് ക്ഷണിച്ചു. പതിവ് ഗുജറാത്തി രീതിയിൽ അദ്ദേഹത്തിന്റെ ഭാര്യ ഒരു ഗ്ലാസ്സ് വെള്ളവുമായെത്തി. ഒറ്റമുറിയും അടുക്കളയും മാത്രമുള്ള വീട്. ഇത് അങ്ങയുടെ വീടാണോ.... മഹേഷ് ഒന്ന് വിക്കി.

കമ്പനിക്ക് വാടകയ്ക്ക് തന്നിട്ടുള്ള വീട് തൊണ്ണൂറിന്റെ ആ ആദ്യകാലങ്ങളിൽ കോടിയുടെ വിലമതിപ്പുള്ളതാണ്. ഗാന്ധിയുടെ രണ്ട് മക്കളും അമേരിക്കയിൽ വലിയ ഉദ്യോഗസ്ഥരാണ്. ഗാന്ധി സ്വയം പല വർഷം വിദേശത്ത് ജീവിച്ചിട്ടുള്ളയാളും എഞ്ചിനീയറിംഗ് ബിരുദധാരിയുമാണ്. പൂത്തകാശുള്ള പിശുക്കൻ എന്നാണ് ഞങ്ങൾ ഗാന്ധിയെ ഓഫീസിൽ കളിയാക്കാറുള്ളത്. അതിനെ ശരിവെയ്ക്കുന്നതായിരുന്നു ഈ വീട്. "നമുക്കൊക്കെ ജീവിക്കാൻ ഇത്രയൊക്കെ പോരെ മഹേഷ്... ഞാനും എന്റെ ഭാര്യയും മാത്രമേയുള്ളൂ.. അതിനീ സൗകര്യമൊക്കെ ധാരാളം." എന്നായിരുന്നു മറുപടി.ഞങ്ങൾ എന്ത് പറയണം എന്നറിയാതെ, ഉള്ളിൽ നിറഞ്ഞ പുച്ഛത്തോടെ, പരസ്പരം നോക്കി. പണമുണ്ടായിട്ടും ജീവിക്കാനറിയാത്തവൻ എന്ന ഭാവം മനസ്സിൽ ഉരുണ്ടുകൂടി.

വീടിന്റെ മുൻവാതിലിൽ ഭാരതീയ തപാൽ വകുപ്പിന്റെ ഒരു തപാൽ പെട്ടി ഞാത്തിയിട്ടിരിക്കുന്നു. അന്നത്തെ തപാൽ അതിനടുത്ത് അടുക്കി വെച്ചിരിക്കുന്നു. മുറിയുടെ ഒരു ചുവരിൽ ഒരു കറുത്ത ബോർഡ് തൂക്കിയിട്ടിരിക്കുന്നു. അതിൽ ചോക്കുകൊണ്ട്. ഗുജറാത്തിയിൽ ചില വാക്കുകൾ കോറിയിട്ടിട്ടുണ്ട്. അതിനു മുന്നിൽ രണ്ട് ബെഞ്ചുകൾ. ബെഞ്ചിൽ മൂന്നോ നാലോ സ്ലേറ്റ്. അഞ്ചാറ് പുസ്തകങ്ങൾ എന്റെ കണ്ണുകൾ പിന്നെയും മുറി പരതുകയായിരുന്നു.

എന്റെ നോട്ടം കണ്ടിട്ടായിരിക്കണം ഗാന്ധി സംഭാഷണം തുടങ്ങിയത്....

"അടുത്തുള്ള തപാൽ ആപ്പീസിലേക്ക് പത്ത് പതിനഞ്ച് നാഴിക നടക്കണം. അതിനാൽ ഇതിനകത്ത് ഞാനൊരു തപാലാപ്പീസ് തുടങ്ങി. ഈ നാട്ടിലുള്ളവർക്കും പുറംനാടുമായി ബന്ധപ്പെടേണ്ടേ... കത്ത് അവർ ഇതിൽ കൊണ്ടുവന്നിടും. എഴുതാനറിയാത്തവരായിരുന്നു ആദ്യം അധികവും. അവരെ ഞാനിവിടെയിരുത്തി എഴുത്ത് പഠിപ്പിച്ചു. അതിനാണീ ബോർഡും ബെഞ്ചുമെല്ലാം. ഒരാളും മറ്റൊരാളെക്കൊണ്ട് കത്തെഴുതിക്കരുത് എന്നെനിക്ക് നിർബന്ധമായിരുന്നു. സ്വന്തം കൈപ്പടയിലെഴുതിയ കത്താണെങ്കിൽ, കത്തയക്കുവാനുള്ള ചിലവ് ഞാൻ വഹിക്കും. ഞാൻ തന്നെ രാജ്പിപ്ല വരെ പോയി കത്ത് അയക്കും. ഇവിടേക്കുള്ള കത്തുകൾ ശേഖരിച്ച് വിതരണം ചെയ്യും. ദിവസവും കുട്ടികളെയെല്ലാം വിളിച്ച് ഗുജറാത്തിയും ഇംഗ്ലീഷും പഠിപ്പിക്കും."

മുറിയിൽ ആരെയോ കാത്ത് ഒരു ചർക്ക കിടക്കുന്നു. "അതൊന്ന് പഠിച്ചെടുക്കണം. ഇതുവരേക്കും ശരിക്കും ശീലമായിട്ടില്ല. ശ്രമിക്കുന്നുണ്ട്. പഠിച്ചാൽ ഇവിടെയുള്ളവരെയും പഠിപ്പിക്കാം. ഏതെങ്കിലും നാലഞ്ച് പെൺകുട്ടികൾക്ക് അതിൽ നിന്നും ഒരു സ്ഥിരവരുമാനമായാൽ അത്രയും നല്ലത്, അല്ലേ!" എന്റെ മനസ്സ് വായിച്ച് ഗാന്ധി തുടർന്നു.



*മേധാപട്ക്കർ*

"എന്നെ ഇവിടെയുള്ളവർ ഗാന്ധി എന്നാണ് വിളിക്കുന്നത്. നിങ്ങളുമെന്നെ അതേ ചെല്ലപ്പേരിലാണ് വിളിക്കുന്നതെന്ന് എനിക്കറിയാം. ഞാനർഹിക്കാത്ത ഒരു പേരാണത്. ഞാൻ ബനിയയാണ്. അറിയാമല്ലോ. അറുപിശുക്കൻമാരാണ് ബനിയകൾ. ഞാൻ സൗരാഷ്ട്രക്കാരനാണ്. കുറേ കാലം വിദേശത്ത് ജോലി ചെയ്തു. മതി ഇനി ഈ ആദിവാസികൾക്ക് എന്നെക്കൊണ്ട് എന്തെങ്കിലും ഗുണമുണ്ടാകുമോ എന്നൊന്ന് നോക്കട്ടെ എന്ന് കരുതി."

മഹേഷ് തന്റെ വിഷയത്തിലേക്ക് കടക്കുവാൻ വെമ്പുകയായിരുന്നു. അവരെ അതിനനുവദിച്ച് ഞാൻ പുറത്തിറങ്ങി ഒരു തണൽ മരത്തിനു കീഴെയിരുന്നു. എനിക്ക് ചുറ്റിലും പലതരം പക്ഷികൾ എന്തൊക്കെയോ കൊറിച്ച് നടക്കുന്നു.പരിചയമില്ലാത്ത വേഷത്തിൽ പരിചയമില്ലാത്ത ഒരു മുഖം കണ്ട് അവ ഇടയ്ക്കിടെ ഒളികണ്ണിട്ട് നോക്കുന്നു. എന്റെ കണ്ണുകൾ ചില കുറ്റിച്ചെടികളിൽ ചെന്നുപെട്ടു. ഗാന്ധി അപ്പോഴേക്കും എന്റെയടുക്കലെത്തിയിരുന്നു.


എത്രതരം മരങ്ങളുണ്ടാകുമിവിടെ. എനിക്കറിയുവാൻ താൽപര്യമേറി.അറിയില്ല. അങ്ങനെയൊന്നും നോക്കിയിട്ടില്ല. എവിടെ നിന്ന് എന്ത് ലഭിച്ചാലും ഇവിടെ നട്ട് പിടിപ്പിക്കുക എന്നത് ഞങ്ങൾക്ക് ഒരു ശീലമായി. ഇപ്പോൾ ഈ ഗ്രാമവാസികൾക്കെല്ലാം ആ ശീലം തുടങ്ങിയിരിക്കുന്നു. അദ്ദേഹം നിറുത്തി.

ഇരുപത്തിയഞ്ച് കിലോമീറ്റർ ചുറ്റളവിൽ നിങ്ങൾ ഇതുപോലൊരു ഗ്രാമം കാണില്ല. ഇത്രയും പച്ചപ്പും സ്നേഹവുമുള്ള ഒരു ഗ്രാമം. നിശ്ശബ്ദതയ്ക്ക് വിരാമമിടുവാനായി ഗാന്ധി വീണ്ടും പറഞ്ഞു തുടങ്ങി. എന്നിട്ട് എന്റെയരികിലുള്ള കുറ്റിച്ചെടികളിലേക്ക് ചൂണ്ടി. നോക്കൂ, ഇത് കായ മുണ്ടാക്കുന്ന മരത്തിന്റെ തയ്യാണ്. രണ്ട് വർഷമായി ഞാനിത് നട്ടിട്ട്. ഇപ്പോൾ തഴച്ച് വളരുവാൻ തുടങ്ങിയിരിക്കുന്നു. ഇത്രയുമായപ്പോഴേക്കും അദ്ദേഹത്തിന്റെ സ്വരം പതറി. കണ്ണുകൾ നിറയുവാൻ തുടങ്ങി.

അറിയാമല്ലോ, നർമദ സരോവർ ഇതിനടുത്താണ്. അവിടെ വെള്ളം നിറഞ്ഞാൽ ഞങ്ങളുടെ ഈ ഗ്രാമം നൊടിയിടയിൽ അപ്രത്യക്ഷമാകും. അതെ, ഇരുപത്തിയഞ്ച് കിലോമീറ്ററിനുള്ളിൽ ഇങ്ങിനെയൊരു ഗ്രാമമില്ല, ഇങ്ങിനെ ജൈവവൈവിധ്യമുള്ള ഒരു ഗ്രാമമില്ല. അത് നശിക്കാൻ ഇരുപത്തിയഞ്ച് ദിവസം വേണ്ട

അണക്കെട്ടുകളും വീതികൂടിയ റോഡുകളും ഉയരമുള്ള കെട്ടിടങ്ങളുമാണ് വികസനമെന്ന് ധരിച്ചുവശായിരുന്ന എനിക്ക് അദ്ദേഹത്തിന്റെ കണ്ണുകൾ ഈറനണിയുന്നത് എന്തുകൊണ്ടെന്ന് മനസ്സിലാകുമായിരുന്നില്ല. അറുപിശുക്കനായ ഒരു ഗാന്ധി, അനേകലക്ഷം പേർക്ക് വികസനമെത്തിക്കുന്ന പദ്ധതി വന്നാൽ തന്റെ ഒരു തുണ്ട് ഭൂമിയും അതിലെ കുറേ മരങ്ങളും ഇല്ലാതാകുമല്ലോ എന്ന് വ്യസനിക്കുകയാണെന്നേ എനിക്കറിയാമായിരുന്നുള്ളൂ.

ഞാൻ ബുദ്ധിജീവിയാണല്ലോ..!



# സുന്ദരിയുടെ കഥ

**അഞ്ജലി എസ്.എൻ**

വീട്ടിലേക്ക് രണ്ടു വർഷം മുമ്പ് വിരുന്നെത്തിയ നാടൻ നായയാണ് സുന്ദരി. കാണാൻ ഒരു പ്രത്യേക ചന്തമുള്ള അവൾക്ക് ആ പേരിട്ടത് അച്ഛനാണ്. അമ്മയും ചില അടുത്ത വീട്ടുകാരും ഇടയ്ക്ക് അവൾക്ക് ആഹാരം നൽകും. അങ്ങനെ അവൾ ഞങ്ങൾ കുറച്ച് വീട്ടുകാരുടെ സ്വന്തം നായയായി. രാത്രിയിലെ സ്ഥിരം സാന്നിദ്ധ്യമായി. നല്ലൊരു കാവൽക്കാരിയായി.

സുന്ദരി ഗർഭിണിയാണെന്നറിഞ്ഞതു തന്നെ വൈകി. പ്രസവിക്കാനായി അവൾ കണ്ടെത്തിയത് ഞങ്ങളുടെ വീടിന്റെ അയൽപക്കത്തുള്ള രണ്ടു വീടുകളുടെ അതിർത്തികൾ തമ്മിൽ ചേരുന്ന സ്ഥലമാണ്. വർഷങ്ങൾ പഴക്കമുള്ള പപ്പായമരം. പിന്നെ ഒരുപാട് ചെടികൾ 'കാടുപിടിച്ച്' കിടക്കുന്ന ഒരു സ്ഥലം. ആ മരത്തിലെ പപ്പായയോളം (ഞങ്ങൾ കൊല്ലങ്കോട്ടുകാരുടെ ഭാഷയിൽ 'പപ്പാളിങ്ങ') സ്വാദുള്ള പപ്പായ വേറെ കഴിച്ചിട്ടില്ല. അതു പഴുക്കുമ്പോൾ മാത്രം ആ സ്ഥലത്ത് ഒരു നാട്ടുവേഴാമ്പൽ വരും. അവിടം സുന്ദരി തന്റെ പ്രസവസ്ഥലമായി തെരഞ്ഞെടുത്തു.

ആദ്യപ്രസവത്തിൽ അഞ്ച് കുട്ടികൾ. അവരുടെ കളികൾ കാണാൻ നല്ല രസമായിരുന്നു. പലരും പലപ്പോഴായി വന്ന് കുട്ടികളെ വളർത്താനായി കൊണ്ടുപോയി. അടുത്ത പ്രാവശ്യവും സുന്ദരിക്കുട്ടി ഗർഭിണിയായി. ഇപ്രാവശ്യവും അവൾ അതേ സ്ഥലത്ത് കുഴിയെല്ലാം എടുത്ത് റെഡിയാക്കി. പ്രസവിച്ചു. 6 കുട്ടികൾ. പക്ഷേ, അപ്പോഴേക്കും അവിടുത്തെ സാമൂഹ്യസാഹചര്യങ്ങൾ മാറി. രണ്ട് വീട്ടുകാരും തമ്മിൽ അതിർത്തി തർക്കം. പ്രശ്നങ്ങൾ. ഒരു കൂട്ടർക്ക് വീട് വെക്കണം. മതിൽ കെട്ടണം. സുന്ദരിയും കുട്ടികളും അവർക്ക് വിഷയമല്ല. സുന്ദരിയുള്ളപ്പോൾ കുട്ടികളെ അവിടുന്ന് മാറ്റാൻ ചെന്നാൽ കടി കിട്ടുമെന്ന് ഉറപ്പാണ്. സുന്ദരിയില്ലാത്ത സമയം നോക്കി 6 കുട്ടികളെയും എടുത്ത് അപ്പുറത്തുള്ള ഒരു കുളത്തിന്റെ ഓരത്ത് കൊണ്ടുചെന്നു വെച്ചു. സുന്ദരി തിരിച്ച് വന്നപ്പോൾ കുട്ടികളെ കാണാഞ്ഞ് പരിഭ്രാന്തയായി അലഞ്ഞു. അവസാനം അവൾ തന്നെ അവരെ തേടി കണ്ടുപിടിച്ചു. പപ്പായമരച്ചുവട് ഇനി സുരക്ഷിതമല്ലെന്ന് അവൾക്ക് മനസ്സിലായി. വേറൊരു വീടിന്റെ പൊട്ടിപ്പൊളിഞ്ഞ കുളിമുറിക്കകത്ത് അവൾ അവരെ കൊണ്ടുപോയി കിടത്തി. അതിന്റെ തൊട്ടടുത്ത ദിവസം സുന്ദരിയുടെ മരണവാർത്തയാണ് ഞങ്ങൾ അറിഞ്ഞത്. റോഡിൽ ഏതോ വാഹനമിടിച്ച് ചത്ത് കിടക്കുന്നു.

ജനിച്ച് ഒരു മാസം തികയുംമുമ്പേ അമ്മ മരിച്ചുപോയ ആറ് നായക്കുഞ്ഞുങ്ങളുടെ സംരക്ഷണം ഞങ്ങളുടെ ചുമതലയായി. വീട്ടിലെ കുട്ടികളായ മഹേഷും ഗീതുവുമാണ് അവരെ പരിചരിക്കാൻ മുന്നിൽ നിന്നത്. ചെറിയ കിണ്ണത്തിൽ പാലുമായി ചെന്ന് എങ്ങനെയൊക്കെയോ നക്കിക്കുടിപ്പിക്കും. ഒന്നുരണ്ട് ദിവസം അങ്ങനെ പോയി. അമ്മയില്ലാത്ത 6 നായക്കുട്ടികൾ ഉണ്ട്, വളർത്താൻ താൽപര്യമുള്ളവർ നേരിൽ വരണമെന്ന് പറഞ്ഞ് മൊബൈൽ വഴി അറിയുന്ന നമ്പരിലെല്ലാം മെസേജ് അയച്ചു. കൊല്ലങ്കോട്ടെ ജൈവകർഷകനായ സുമനും മകൻ നിത്യാനന്ദനും കൂടെ വന്ന് രണ്ട് എണ്ണത്തിനെ കൊണ്ടുപോയി. പോകുമ്പോൾ എല്ലാ നായക്കുട്ടികൾക്കും ചൊറി പോലെ എന്തോ അസുഖമുണ്ട് സൂക്ഷിക്കണം എന്നും സുമൻചേട്ടൻ പറഞ്ഞു. ദിവസങ്ങൾക്കകം തന്നെ, അസുഖം മൂലമാകാം, നാല് കുട്ടികളും ചത്തു. സുമൻ ചേട്ടന്റെ വീട്ടിലെ കുട്ടികളുടെ കാര്യം അന്വേഷിച്ചപ്പോൾ വേറെ വലിയ നായ്ക്കൾ വന്ന് കടിച്ച് കൊന്നിട്ടുപോയി എന്നു പറഞ്ഞു. ഇമ്മാതിരി മനുഷ്യൻമാരുടെ ഇടയിൽ തന്റെ മക്കൾ ജീവിക്കണ്ടാ എന്ന് കരുതിയാവും സുന്ദരി അവരെ ഒപ്പം കൂട്ടിയത്.

എന്തായാലും അതിർത്തി തർക്കമെല്ലാം തീർന്നു. വീട് കെട്ടി. മതിൽ വന്നു. കാട് വെളുപ്പിച്ചു. പപ്പായമരം വെട്ടി. അതു പഴുക്കുമ്പോൾ മാത്രം എത്താറുള്ള നാട്ടുവേഴാമ്പലിനെ പിന്നെ കണ്ടിട്ടില്ല.

പക്ഷേ സുന്ദരിയുടെ കഥ ഇവിടെ അവസാനിക്കുന്നില്ല. അവൾ ചില പെൺസുഹൃത്തുക്കളെയും സമ്പാദിച്ചിരുന്നു. അവർ ഇടയ്ക്ക് ഗർഭം ധരിക്കുകയും നായക്കുട്ടികളെ തരികയും ചെയ്യുന്നുണ്ട്. അങ്ങനെ ഇപ്പോൾ രണ്ടുപേർ ഇവിടെയുണ്ട്. ചോകലയും കരിവായനും. ഇവരെല്ലാം സുന്ദരിയുടെ സ്ഥാനം ഏറ്റെടുത്തിട്ടുണ്ട്. ഇപ്പൊഴൊരു പാണ്ടച്ചി ഗർഭിണിയാണ്. അവളുടെ പ്രസവം അടുത്തുതന്നെ ഞങ്ങൾ പ്രതീക്ഷിക്കുന്നു. അങ്ങനെ സാഹചര്യങ്ങളോട് പൊരുതിയും പൊരുത്തപ്പെട്ടും ജീവന്റെ തുടർച്ചയും ഒഴുക്കും നിലനിൽക്കുക തന്നെയാണ്.


***അഞ്ജലിയുടെ ഫോൺ–9495548579***

*(ഈ കുറിപ്പ് പ്രസിദ്ധീകരിക്കുമ്പോഴേക്കും പാണ്ടച്ചി പ്രസവിച്ചിരിക്കുന്നു.എട്ട് കുഞ്ഞുങ്ങൾ.ലേഖിക പകർത്തിയ ഫോട്ടോയാണ് താഴെ- എഡിറ്റർ )*

*പാണ്ടച്ചി*



*പാണ്ടച്ചിയുടെ കുഞ്ഞുങ്ങൾ*



*കരിവായൻ*



## കോമിക് ജേണലിസം
## ശിൽപശാല

കോമിക് എന്നാൽ കേവലം നേരംപോക്കല്ല. ഏത് ശക്തമായ ആശയാവിഷ്കകാരവും ഫലപ്രദമായ നടത്താൻ പറ്റിയ നല്ല മാധ്യമം തന്നെയാണ് കോമിക്കുകൾ.

പേന കൊണ്ട് വരയ്ക്കുന്ന ഹാൻമെയ്ഡ് കോമിക്കുകൾ വരയുടെ സൗന്ദര്യത്തേക്കാൾ അതിന്റെ വിഷയം, പ്രതിപാദിക്കുന്ന രീതി, നാടകീയത ഇവ കൊണ്ടു കൂടിയാന് ശ്രദ്ധേയമാകുന്നത്. താൽപര്യമുള്ളവർക്ക് ലിറ്റിൽ മാസിക കോമിക് നിർമ്മാണത്തിൽ ശിൽപശാല നടത്തുന്നു. പങ്കെടുക്കുന്നവരുടെ സൗകര്യാവശ്യാർത്ഥം വിവിധ സ്ഥലങ്ങളിൽ വെച്ച് നടത്തുന്നു. പരിമിതമായ വിഭവങ്ങൾ/ചിലവ് മാത്രമേ ആവശ്യമുള്ളൂ. ലോകോസ്റ്റ് രീതി.

ചിത്രകലയിൽ അതിപ്രാവീണ്യം വേണമെന്നില്ല. താൽപര്യവും അത്യാവശ്യം അഭിരുചിയും മാത്രം ഉണ്ടായാൽ മതി. വിളിക്കാം- ലിറ്റിൽ മാസിക, ചുങ്കത്തറ, മലപ്പുറം-679334, ഫോൺ:9946428284



ലിറ്റിൽ മാസിക
നിലനിൽക്കുന്നത്...
വരിസംഖ്യ
കൊണ്ടാണ്
അതിനാൽ
വാർഷിക വരിസംഖ്യ

**150രൂപ**

എം. ഒ. ആയും
ബാങ്ക് മുഖേനയും അയക്കാം
ബാങ്ക് ക്കൗണ്ട് നമ്പർ
ബിജു ജോൺ 0857101067932
(കാനറ ബാങ്ക്
എടക്കര ശാഖ)

## ഒരു കാഴ്ച


**ജ്യോതിഷ്കുമാർ**


രണ്ടുവർഷം മുമ്പ് ഏപ്രിൽ മാസത്തെ ഒരു വൈകുന്നേരം യൂണിവേഴ്സിറ്റിയിൽ മോഡൽ സ്കൂളിലെ തുറന്ന സ്റ്റേജിൽ കുറച്ചു പരിഷത്ത് സുഹൃത്തുക്കളോടൊപ്പം ഒരു കുടിയിരുപ്പു യോഗത്തിലായിരുന്നു ഞാൻ. സ്റ്റേജിനടുത്ത് നിറയെ ഇലകളുള്ള ഒരു മുത്തച്ഛൻ പ്ലാവുണ്ട്. ഏതോ ഒരു പ്രേരണയാൽ മുത്തച്ഛൻ പ്ലാവിനെ നോക്കിയപ്പോഴാണ്. ശരവേഗത്തിൽ, മഞ്ഞനിറമുള്ള ഒരു ചെറുപക്ഷി, മഞ്ഞക്കിളിയോളം വലുപ്പമുള്ളത്. എന്നാൽ മഞ്ഞക്കിളിയല്ല. നിറയെ ഇലകളുള്ള ചെറിയ കൊമ്പിൽ പറന്നിറങ്ങിയത്. പക്ഷികൾ ചേക്കേറുന്ന സമയമായിക്കൊണ്ടിരിക്കുകയായിരുന്നു. അൽപനേരം ചുറ്റുപാടുമൊന്ന് നോക്കിയ പക്ഷി. കുഴിയാന കൂട്ടിലെ മൃദുലമായ മണ്ണിലേക്ക് ഊളിയിടുന്നതുപോലെ ഇലകൾക്കിടയിൽ മറഞ്ഞു. ആ പക്ഷി നാളെ കാലത്തുണരാനായി നിദ്രയുടെ രഥവേഗത്തിലേക്ക് കടന്നിരിക്കണം.. അടുത്ത നിമിഷം മുതൽ എത്ര ലളിതമായ ഉറക്കത്തിലേക്ക് പോയിരിക്കണം... അവൻ അല്ലെങ്കിൽ അവൾ. പക്ഷികൾ മുട്ടയിടാൻ മാത്രമേ കൂടുകൾ സജ്ജീകരിക്കാറുള്ളൂ എന്ന് തോന്നുന്നു. അല്ലാത്ത സമയങ്ങളിൽ ഉറക്കം നിറഞ്ഞ ഇലകളോടുകൂടിയ പച്ചമരക്കൊമ്പുകളിലായിരിക്കണം... മനോഹരമായിരുന്നു ആ കാഴ്ച്ച. മറ്റു പരിഷത്ത് സുഹൃത്തുക്കൾക്ക് അത് കാണിച്ചുകൊടുക്കാൻ എനിക്ക് കഴിഞ്ഞില്ല. ഞാൻ മാത്രം ആസ്വദിച്ച പ്രകൃതിയുടെ മനോഹരമായ ഒരു കാഴ്ചയായിരുന്നു അത്

Share Lima Campaign

## ലിറ്റിൽ മാസികയും പങ്കുവെക്കാം

കാണുന്നതും കേൾക്കുന്നതും ആലോചിക്കുന്നതുമെല്ലാം നമ്മൾ പരസ്പരം പങ്കുവെക്കുന്നുണ്ട്. വാട്സ്ആപ്പിലും ഫേസ്ബുക്കിലും ചിത്രമായും വീഡിയോ ആയും ഷെയർ ചെയ്യുന്നുണ്ട്. ഇനി മുതൽ ലിറ്റിൽ മാസികയും പങ്കിട്ടു നോക്കൂ. വായനയിൽ പ്രസക്തമെന്നു തോന്നുന്ന കുറിപ്പുകൾ, പേജുകൾ, ഒക്കെ ലോകത്തോടു സംവദിക്കട്ടെ. പുതിയ വായനക്കാരിലേക്ക് നമ്മുടെ ചെറുസൗഹൃദവും വളരട്ടെ





ആനന്ദലബ്ധിക്ക് ജാലകം തുറന്ന് പുറത്തെ പച്ചപ്പിന്റെ മേടയിലേക്ക് നോക്കുകയേ വേണ്ടൂ. എങ്കിൽ പിന്നെ പ്രസിദ്ധമായ ചലചിത്രങ്ങൾ കാണാൻ പോകുന്നതെന്തിന്? സംഗീതോപകരണങ്ങൾ ഉപയോഗിക്കാൻ പഠിക്കുകയോ സ്വരങ്ങളെക്കുറിച്ച് മനസ്സിലാക്കുകയോ പോലും ചെയ്യാതെ തന്നെ, കിളികൾ ചിലയ്ക്കുന്നതും തവളകൾ കരയുന്നതും ആസ്വദിക്കാനാവും നമുക്ക്. എത്ര ഒച്ചപ്പാടു നിറഞ്ഞതാണെങ്കിലും ശരി, തങ്ങളുടേതായ രീതിയിൽ തങ്ങളുടെ ശബ്ദം ഉപയോഗിച്ച് മെച്ചപ്പെട്ടതല്ലെങ്കിലും ഒരു മേളം രചിക്കുകയാണവ. എല്ലാം പരിത്യജിച്ചുകൊണ്ടും ആശയങ്ങളുടെ ലോകത്തുനിന്ന് അകന്നുകൊണ്ടും നമുക്ക് കണ്ടെത്താനാവും (അത് വളരെ ലളിതമാണുതാനും) ഒന്നുമില്ലാത്ത ലോകം സർവ്വസമ്പന്നമാണ്. വാസ്തവത്തിൽ എല്ലാം ഉള്ളതാണത്. അത് ആവുന്നിടത്തോളം സമൃദ്ധമായ ജീവിതം നയിക്കാൻ നമ്മെ പ്രാപ്തരാക്കുന്നു.

-ഫുക്കുവോക്ക





Prepare to do small things...

subscribe to Little Masika


Edited,Printed, Published and Owned by Biju John (Responsible for selection of news under the PRB Act ) and Printed at A- One offset, Ramanattukara for Co-Operative Press Chungatharab679334